10/2018/SRG/LSGD(5)

## വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 13.08.2018ൽ കൂടിയ യോഗത്തിന്റെ നടപടി വിവരം

യോഗം ഉച്ചകഴിഞ്ഞ് 02.30-ന് ബഹു. തദ്ദേശസ്വയംഭരണ വകുപ്പ്മന്ത്രിയുടെ ചേംബറിൽ ആരംഭിച്ചു. ബഹു. മന്ത്രി യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. യോഗത്തിൽ പങ്കെടുത്തവരുടെ പേരുവിവരം അനുബന്ധമായി നൽകിയിട്ടുണ്ട്.

**1.പൊതു അവലോകനം**

=======================

2018-19-ൽ 13.08.2018 വരെയുള്ള ആകെ പദ്ധതി ചെലവ് 21.00 ശതമാനമാണ്. ട്രഷറികളിൽ സമർപ്പിച്ച ബില്ലുകൾ കൂടി ചേർത്താൽ ഇത് 22.00 ശതമാനമാണ്. ഏറ്റവും കൂടുതൽ പദ്ധതി ചെലവ് പത്തനംതിട്ട ജില്ലയിലും (26.00 ശതമാനം) ഏറ്റവും കുറവ് ഇടുക്കി ജില്ലയിലുമാണ് (18.00 ശതമാനം). വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

**തദ്ദേശഭരണ സ്ഥാപനം തിരിച്ചുള്ള ചെലവ് വിവരം**

| | |
|---|---|
| ഗ്രാമപഞ്ചായത്ത് | 21.00 ശതമാനം |
| ബ്ലോക്ക് പഞ്ചായത്ത് | 24.00 ” |
| ജില്ലാ പഞ്ചായത്ത് | 17.00 ” |
| മുനിസിപ്പാലിറ്റി | 22.00 ” |
| കോർപ്പറേഷൻ | 17.00 ” |
| **ആകെ** | 21 ശതമാനം |

**ജില്ല തിരിച്ചുള്ള ചെലവ് വിവരം**

| | | | |
|---|---|---|---|
| പത്തനംതിട്ട | 26.00 ശതമാനം | ആലപ്പുഴ | 20.00 ശതമാനം |
| കണ്ണൂർ | 22.50 ” | എറണാകുളം | 20.00 ” |
| കോഴിക്കോട് | 22.00 ” | തിരുവനന്തപുരം | 20.00 ” |
| പാലക്കാട് | 22.00 ” | കാസറഗോഡ് | 19.00 |
| തൃശ്ശൂർ | 21.00 ” | കൊല്ലം | 19.00 ” |
| മലപ്പുറം | 21.00 ” | കോട്ടയം | 18.5 ” |
| വയനാട് | 21.00 ” | ഇടുക്കി | 18.0 ” |
| | | **ആകെ** | 21 ശതമാനം |

## 2. മുൻ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം തുടർ നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ

### 2.1 06.06.2018-ലെ കോഓർഡിനേഷൻ കമ്മിറ്റിയുടെ യോഗ തീരുമാനപ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ

**ഖണ്ഡിക 4.15**

**കണ്ണൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 21.12.2017-ലെ A4-2898/17-ാം നമ്പർ കത്ത് (LSGD - DB1/20/2018/-LSGD)**

ആറളം പരിപ്പ് തോട് എന്ന പ്രദേശത്തെ 24 ഏക്കർ സ്ഥലത്ത് 24പട്ടിക വർഗ്ഗ കുടുംബങ്ങളെ 2006-07 -ൽ പുനരധിവസിപ്പിച്ചിരുന്നു. 11 വർഷം മുമ്പ് പൂർത്തീകരിച്ച ഈ വീടുകൾ വാസയോഗ്യമല്ല. ഇവ വാസയോഗ്യമാക്കി അധികമായി ഒരു മുറി കൂടി നിർമ്മിക്കുന്നതിന് 3,60,000/- രൂപ വീതം ഒരു വീടിന് ആവശ്യമാണെന്ന് ആറളം ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. ഈ വീടുകളിൽ 11 എണ്ണം അറ്റകുറ്റപ്പണി നടത്താൻ അനുമതി സംബന്ധിച്ച്. ഒരു വീടിന്റെ അറ്റകുറ്റപ്പണിക്ക് 1.50 ലക്ഷം രൂപ വീതം നൽകാവുന്നതാണെന്ന് പട്ടിക വർഗ്ഗ വികസന ഡയറക്ടർ റിപ്പോർട്ട് നൽകിയിട്ടുണ്ട്. ഈ നിരക്ക് അനുസരിച്ച് സഹായം നൽകാവുന്നതാണ്.

നടപടി:- 1) പട്ടികവർഗ്ഗ വികസന ഡയറക്ടർ

**2.2 27.06.2018-ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ**

**ഖണ്ഡിക 4.3**

**പറക്കോട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 04.06.18 -ലെ കത്തും 31.05.2018 2(1)-ാം നമ്പർ ഭരണസമിതി തീരുമാനവും**

ഇ.എം.എസ് സ്പോർടസ് ആന്റ് ഗെയിംസ് അക്കാദമിയെ പറക്കോട് ബ്ലോക്ക് പഞ്ചായത്തിലെ കായിക പ്രോജക്ടുകൾ നിർവ്വഹണം നടത്തുന്നതിനുള്ള അക്രഡിറ്റഡ്/നോഡൽ ഏജൻസിയായി നിശ്ചയിക്കുന്നതിന് അനുവാദം നൽകണമെന്നതു സംബന്ധിച്ച്. ഈ അക്കാദമിയുടെ പ്രവർത്തനം പത്തനംതിട്ട അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ(ജനറൽ) പരിശോധിച്ച് നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് തീരുമാനമെടുക്കും

നടപടി:-1) അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ(ജനറൽ), പത്തനംതിട്ട

2) തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്

**ഖണ്ഡിക 4.4**

**പറക്കോട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 02.05.2018 -ലെ കത്തും10.04.2018-ലെ 2(3)-ാം നമ്പർ ഭരണസമിതി തീരുമാനവും (SRG 361/18)**

ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തെ കലഞ്ഞൂർ, ഏനാദിമംഗലം, ഏഴംകുളം, കൊടുമൺ എന്നീ ഗ്രാമപഞ്ചായത്തുകളിലെ കൃഷി ഭൂമിയെ കാട്ടുപന്നികളുടെ ശല്യത്തിൽ നിന്ന് രക്ഷിക്കുന്നതിന് വേലി കെട്ടുന്നതിന് 64,00,000/- രൂപ വകയിരുത്തി പ്രോജക്ട് തയ്യാറാക്കിയിരുന്നു. ആദ്യഘട്ടമെന്ന നിലയിൽ ഏതെങ്കിലും ഒരു ഗ്രാമപഞ്ചായത്തിൽ മാത്രം നടപ്പാക്കാൻ കോഓർഡിനേഷൻ കമ്മിറ്റി അനുമതി നൽകിയിരുന്നു. ഈ വർഷം പ്രോജക്ട് സ്പിൽ ഓവറായി തുടരുന്നു. മുകളിൽ പറഞ്ഞ 4 ഗ്രാമപഞ്ചായത്തുകളിലും നടപ്പാക്കാൻ അനുമതി സംബന്ധിച്ച്. ഏതെങ്കിലും ഒരു ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയിട്ട് അത് വിജയമാണെങ്കിൽ പരിശോധിച്ചിട്ട് മറ്റ് പഞ്ചായത്തിൽ കൂടി വ്യാപിപ്പിക്കുക എന്നതായിരുന്നു കോഓർഡിനേഷൻ കമ്മിറ്റിയുടെ നിർദ്ദേശം.

കോഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം ഇത് പരിശോധിച്ച് പത്തനംതിട്ട ജില്ലാ കളക്ടർ റിപ്പോർട്ട് നൽകി. 2017-18-ലെ ഈ പ്രോജക്ട് 2018-19-ൽ സ്പിൽ ഓവർ ആയി

ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും നാളിതുവരെ ടെണ്ടർ നടപടികൾ പൂർത്തിയാക്കുകയോ നിർവഹണം ആരംഭിക്കുകയോ ചെയ്തിട്ടില്ല എന്ന് ജില്ലാ കളക്ടർ അറിയിച്ചു

**തീരുമാനം:-** കോഓർഡിനേഷൻ കമ്മിറ്റിയുടെ മുൻ തീരുമാനപ്രകാരം ഏതെങ്കിലുമൊരു ഗ്രാമപഞ്ചായത്തിൽ പദ്ധതി നടപ്പാക്കിയതിനുശേഷം ഇത് വിജയപ്രദമാണോ എന്ന് പരിശോധിച്ച് മറ്റു ഗ്രാമപഞ്ചായത്തിലേയ്ക്ക് വ്യാപിപ്പിക്കുന്നത് പരിഗണിച്ചാൽ മതിയെന്നു തീരുമാനിച്ചു.

നടപടി:-1) തദ്ദേശസ്വയംഭരണ(ഡി.ഡി) വകുപ്പ്

**2.3 18.07.2018-ലെ കോഓർഡിനേഷൻ കമ്മറ്റി യോഗ തീരുമാനപ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ**

**ഖണ്ഡിക3.4**

ലൈബ്രറി കൗൺസിൽ അംഗീകാരമുള്ള ഗ്രന്ഥശാലകളുടെ പുനർ നിർമ്മാണം, റിപ്പയറിംഗ് എന്നിവയ്ക്ക് ധനസഹായം നൽകുന്നതിന് ലൈബ്രറി അധികാരികൾ അനുമതി നൽകികൊണ്ടുള്ള കരാർ മതി. സ്ഥലം തദ്ദേശഭരണ സ്ഥാപനത്തിന് വിട്ടു നൽകണമെന്നില്ല. ഇതു സംബന്ധിച്ച ഉത്തരവ്

നടപടി:-1) തദ്ദേശസ്വയംഭരണ(ഇ.പി.എ) വകുപ്പ്

**ഖണ്ഡിക4.4**

**അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത്**

**തൃശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 09.07.2018-ലെ 1257/2018/ROI / DPM/ നമ്പർ കത്തും അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 09.07.2018-ലെ കത്തും (SRG 451/18)**

ബ്ലോക്ക് പഞ്ചായത്ത് മേഖലയിൽ ''താന്ന്യം ഗ്രാമപഞ്ചായത്ത് പെരിങ്ങോട്ടുകര അസോസിയേഷൻ'' എന്ന സൊസൈറ്റി താന്ന്യം ഗ്രാമപഞ്ചായത്തിൽ ഒരു ഡയാലിസിസ് സെന്റർ ആരംഭിച്ചിട്ടുണ്ട്. 4 വർഷമായി പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിൽ 9 മെഷീൻ ഉണ്ട്. ഡയാലിസിസ് സൗജന്യമായാണ് ചെയ്യുന്നതെന്നറിയിച്ചിട്ടുണ്ട്. ഈ സൊസൈറ്റിക്ക് രണ്ട് ഡയാലിസിസ് മെഷീനും അനുബന്ധ സൗകര്യവും ഒരുക്കുന്നതിന് 14.00 ലക്ഷം രൂപ (പ്രോ.നം. 74/19- വികസനഫണ്ട്) വകയിരുത്തി പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച് തൃശൂർ ജില്ലാ മെഡിക്കൽ ഓഫീസറുടെ അഭിപ്രായം ആരാഞ്ഞ് റിപ്പോർട്ട് ഗ്രാമവികസന കമ്മീഷണർ നൽകണം.

നടപടി:- 1) ഗ്രാമവികസന കമ്മീഷണർ
തദ്ദേശസ്വയംഭരണ (ഡി.ഡി.) വകുപ്പ്

**ഖണ്ഡിക 4.7**

**ളാലം ബ്ലോക്ക് പഞ്ചായത്ത്**

**കോട്ടയം ജില്ലാ കളക്ടറുടെ 10.07.2018-ലെ 490/18/DPC/KTM /നമ്പർ കത്തും ളാലം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 06.07.2018-ലെ B/S 21/2018-ാം നമ്പർ കത്തും (SRG447/18)**

ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിൽ മുത്തോലി ഗ്രാമപഞ്ചായത്തിൽ പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. ക്ലീൻ കേരള കമ്പനി മുഖേനയാണ്

സ്ഥാപിച്ചത്. ഈ യൂണിറ്റിലെ ജീവനക്കാരുടെ വേതനം, കറണ്ട് ചാർജ്ജ് എന്നിവയ്ക്കായി 1,00,000/- രൂപ വകയിരുത്തി പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. (പ്രോ.നം.21/19). ഈ പ്രോജക്ടിന് നൂതന പ്രോജക്ടുകൾക്കുള്ള ജില്ലാ സമിതി അംഗീകാരം നൽകിയില്ല. ഇതിന് അനുമതി സംബന്ധിച്ച് ഷ്രെഡ്ഡിംഗ് യൂണിറ്റിന്റെ വരവും ചെലവും പരിശോധിച്ച് റിപ്പോർട്ട് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ നൽകി. പ്രതിദിനം ഈ യൂണിറ്റിൽ അധിക ചെലവ് 1759/- രൂപയാണ് എന്നും എന്നാൽ ഇതേ രീതിയിലുള്ള ഉഴവൂർ ബ്ലോക്കിലെ യൂണിറ്റിന്റെ അധിക ചെലവ് 910/- രൂപ മാത്രമാണെന്നും ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.910 രൂപ നിരക്കിൽ നൽകാവുന്നതാണെന്ന് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

**തീരുമാനം:-** ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ റിപ്പോർട്ട് ചെയ്തതു പ്രകാരം 910/- എന്ന നിരക്കിൽ നൽകാൻ അനുമതി നൽകുന്നു.

നടപടി:- 1) എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
2) തദ്ദേശസ്വയംഭരണ(ഡി.ഡി.) വകുപ്പ്

**ഖണ്ഡിക 4.16**

**താനൂർ ബ്ലോക്ക് പഞ്ചായത്ത്**

**മലപ്പുറം ജില്ലാ കളക്ടറുടെ 30.06.2018-400/18-19/DPC/DPO/MPM നമ്പർ കത്തും താനൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 30.06.2018-ലെ D-2/2018-ാം നമ്പർ കത്തും (SRG 411/18)**

(i) ബ്ലോക്ക് പഞ്ചായത്ത് 2018-19-ൽ നൂതന പ്രോജക്ട് എന്ന ഗണത്തിൽപ്പെടുത്തി അടുക്കള നവീകരണം എന്ന പ്രോജക്ട് ഉൾപ്പെടുത്തിയിരുന്നുവെങ്കിലും (പ്രോ.നം.131/18 അടങ്കൽ15,40,000/-രൂപ) നൂതന പ്രോജക്ടിനുള്ള ജില്ലാതല സമിതി ഇതിന് അംഗീകാരം നൽകിയില്ല. ഇതിന് അനുമതി സംബന്ധിച്ച് . പ്രോജക്ടിൽ ഉൾപ്പെടുത്തിയിരിക്കുന്ന പ്രവർത്തനങ്ങളും ചെലവും അടക്കമുള്ള വിശദാംശങ്ങൾ ഏതൊക്കെയെന്ന് പരിശോധിച്ച് ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ട് നൽണം.

നടപടി:- 1) ഗ്രാമവികസന കമ്മീഷണർ
2) തദ്ദേശസ്വയംഭരണ(ഡി.ഡി) വകുപ്പ്

**ഖണ്ഡിക 4.20**

**ചക്കുപള്ളം ഗ്രാമപഞ്ചായത്ത്**

**ഇടുക്കി ജില്ലാ കളക്ടറുടെ 04.07.2018-ലെ 370/18/DPC/DPO/IDK നമ്പർ കത്തും ചക്കുപള്ളം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 30.06.2018-ലെ A4-1585/17-ാം നമ്പർ കത്തും 26.06.2018-ലെ 1(3)-ാം നമ്പർ ഭരണസമിതി തീരുമാനവും (SRG 443/18)**

താഴെപ്പറയുന്ന രണ്ടു പ്രോജക്ടുകൾക്ക് വെറ്റിംഗ് ഓഫീസറും ജില്ലാതല അപ്പീൽ കമ്മിറ്റിയും അനുമതി നൽകിയിരുന്നില്ല. ഇതിന് അനുമതി സംബന്ധിച്ച്. ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ റിപ്പോർട്ട് നൽകിയെങ്കിലും അനുമതിക്ക് ശുപാർശ ചെയ്തിട്ടില്ല.

| ക്രമ നം | പ്രോ.നം | പ്രോജക്ടിന്റെ പേര് | അടങ്കൽ |
|---|---|---|---|
| 1 | 83/19 | ടോയ് ലറ്റ് മെയിന്റനൻസ് (ജനറൽ) | 6,00,000/- |
| 2 | 73/19 | ടോയ് ലറ്റ് മെയിന്റൻസ് (എസ്.സി.എസ്.പി) | 3,96,000/- |

നടപടി:- 1) എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ

**തീരുമാനം:-** പരിഗണിക്കേണ്ടതില്ലെന്ന തീരുമാനിച്ചു.

നടപടി:-1) തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്

## 3. പൊതുവിഷയം

===============

3.1 2018-19 -ലെ വാർഷിക പദ്ധതി ഭേദഗതി സംബന്ധിച്ച് താഴെപ്പറയുന്ന തീരുമാനങ്ങളെടുത്തു.

**3.1.1** 02.05.2018-ലെ DA1/439/2018/തസ്വഭവ സർക്കുലർ പ്രകാരം കാറ്റഗറി - 2-ൽ വരുന്ന സ്പിൽഓവർ പ്രോജക്ടുകൾ ഉൾപ്പെടുത്തുന്നതിന് ആവശ്യമായ തുക കണ്ടെത്തുന്നതിനുള്ള ഭേദഗതി

**3.1.2** വാർഷിക പദ്ധതിയിലെ ഏതെങ്കിലും പ്രോജക്ടുകൾക്ക് വെറ്റിംഗ് ഓഫീസർ അനുമതി നൽകാതിരിക്കുകയോ സാങ്കേതികാനുമതി ലഭിക്കാതിരിക്കുകയോ ചെയ്താൽ

**3.1.3** മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ, സർക്കാർ പ്രത്യേകമായി നിർദ്ദേശിക്കും പ്രകാരം എടുക്കേണ്ട പ്രോജക്ടുകൾ (ഉദാ: കായിക വികസനം, സംരംഭകത്വ ക്ലബ് തുടങ്ങിയവ) ഉൾപ്പെടുത്താൻ

**3.1.4** ജില്ലാ ആസൂത്രണസമിതി നിരസിച്ചതും മാർഗ്ഗരേഖ/സബ്സിഡി നിരക്ക് എന്നിവ പാലിക്കാതെയുമുള്ള പ്രോജക്ട് ഒഴിവാക്കുന്നതിന്

**3.1.5** കേന്ദ്ര-സംസ്ഥാന പദ്ധതി പ്രകാരം ലഭിച്ച തുകയ്ക്ക് തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതം വകയിരുത്തൽ, ആശ്രയ പ്രോജക്ടുകൾക്ക് മതിയായ വിഹിതം വകയിരുത്തൽ

**3.1.6** 2018-19 -ലെ വാർഷികപദ്ധതിയിൽ ഇപ്പോൾ ഉൾപ്പെടുത്തിയിരിക്കുന്ന ഏതെങ്കിലും പ്രോജക്ടുകൾക്ക് MPLAD, MLASDF, കേന്ദ്രാവിഷ്കൃത പദ്ധതി തുടങ്ങിയതടക്കം മറ്റേതെങ്കിലും തലത്തിൽ ഭരണാനുമതിയും ഫണ്ടും ലഭിച്ചിട്ടുണ്ടെങ്കിൽ അവ ഒഴിവാക്കി ഇതിൽ നിന്നും ലഭിക്കുന്ന തുക മറ്റു പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന്

**3.1.7** വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള എസ്.സി.എസ്.പി/റ്റി.എസ്.പി പൊതു പ്രോജക്ടുകൾക്ക് ഫീസിബിലിറ്റി സർട്ടിഫിക്കറ്റും സോഷ്യൽ മാപ്പും ലഭിക്കാതെ വന്നാൽ (ബന്ധപ്പെട്ട പട്ടികജാതി വികസന ഓഫീസർ/ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ ഫീസിബിൾ അല്ലായെന്ന് സാക്ഷ്യപ്പെടുത്തണം) ഇത്തരം പ്രോജക്ടുകൾ ഒഴിവാക്കി പുതിയ പ്രോജക്ട് എടുക്കാവുന്നതാണ്.

**3.1.8** മുകളിൽ പറഞ്ഞവയ്ക്കൊപ്പം താഴെപ്പറയുന്നവ കൂടി ഉൾപ്പെടുത്തി 2018-19 പദ്ധതിയിൽ ആവശ്യമായ ഭേദഗതി വരുത്തി വാർഷിക പദ്ധതി അന്തിമമാക്കേണ്ടതാണ്.

3.1.9 ലൈഫ് മിഷന്റെ ഭാഗമായി ഗ്രാമപഞ്ചായത്തുകൾക്ക് ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് വിഹിതം നൽകിയിട്ടില്ല. ഓരോ ഗ്രാമപഞ്ചായത്തിനും നൽകേണ്ട തുക ലൈഫ് മിഷൻ നിശ്ചയിച്ച് നൽകും. ഇങ്ങനെ തുക നൽകുമ്പോൾ ഗ്രാമപഞ്ചായത്തുകൾക്ക് ലൈഫ് പ്രോജക്ടുകളിൽ ആവശ്യമായ ഭേദഗതി വരുത്താവുന്നതാണ്.

3.1.10 ടെണ്ടർ നടപടി പൂർത്തിയായ പ്രോജക്ടുകളിൽ ടെണ്ടർ സേവിംഗ്സ് ഉള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ടെണ്ടർ സേവിംഗ്സ് ഉപയോഗിച്ച് പുതിയ പ്രോജക്ടുകൾ എടുക്കാവുന്നതാണ്. ഇതനുസരിച്ച് ടെണ്ടർ സേവിംഗ്സ് ലഭ്യമായ പ്രോജക്ടുകളും ഭേദഗതി ചെയ്യാവുന്നതാണ്.

3.1.11 ധനവകുപ്പിന്റെ 25.07.2018-ലെ 6345/2018/ധന. നമ്പർ ഉത്തരവ് പ്രകാരം തദ്ദേശഭരണ സ്ഥപനങ്ങൾക്ക് പദ്ധതി വിഹിതത്തിന്റെ രണ്ടാം ഗഡു അനുവദിച്ചിട്ടുണ്ട്. ഇതനുസരിച്ച് ഗ്രാമപഞ്ചായത്തുകളും നഗരസഭകളും അങ്കണവാടി അദ്ധ്യാപകർക്കും സഹായികൾക്കും നൽകേണ്ട 6 മാസത്തെ അധിക തുക സാമൂഹ്യനീതി ഡയറക്ടർക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യണം. ഈ തുക കണ്ടെത്തുന്നതിനുള്ള ഭേദഗതിയും ഈ തുകയ്ക്കു വേണ്ട പ്രോജക്ടുകളും തയ്യാറാക്കൽ.

3.1.12 സ്വച്ഛ് ഭാരത് അഭിയാൻ പദ്ധതി പ്രകാരം തദ്ദേശ ഭരണ സ്ഥാപന ങ്ങൾക്ക് വിഹിതം ശുചിത്വ മിഷനിൽ നിന്ന് അനുവദിച്ചിട്ടുണ്ട്. ഈ തുക ഉപയോഗിച്ച് പ്രോജക്ടുകൾ തയ്യാറാക്കൽ.

3.1.13 ചില തദ്ദേശഭരണ സ്ഥാപനങ്ങൾ കാറ്റഗറി 1-ൽ ഉൾപ്പെടുത്തിയിരിക്കുന്ന സ്പിൽ ഓവർ പ്രോജക്ടുകൾ കാറ്റഗറി II ലേയ്ക്ക് മാറ്റാൻ അനുമതി ആവശ്യപ്പെട്ടിട്ടുണ്ട്. ഇത്തരം ഭേദഗതികളും ചെയ്യാവുന്നതാണ്.

3.1.14 സംയുക്ത പ്രോജക്ടുകളുടെ ബിൽ തയ്യാറാക്കി മറ്റു തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് തുക കൈമാറുന്നതിന് ധന വകുപ്പ് 03.07.2018-ലെ 100/2018/ ഫിൻ നമ്പർ പ്രകാരം പുതിയ ക്രമീകരണം ഏർപ്പെടുത്തിയിട്ടുണ്ട്. അലോട്ട്മെന്റ് രീതിയിലൂടെ യാണ് മറ്റു തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് തുക കൈമാറുന്നത്. ഇതിനായി സുലേഖ, സാംഖ്യ സോഫ്റ്റ് വെയറിൽ ഐ.കെ.എം. ക്രമീകരണം ചെയ്യുന്നുണ്ട്. ധനവകുപ്പിന്റെ ഉത്തരവ് നടപ്പാക്കുന്നതിന് ഇപ്പോൾ തയ്യാറാക്കിയിരിക്കുന്ന സംയുക്ത പ്രോജക്ടുകളുടെ ഘടനയിൽ ഭേദഗതി ചെയ്യേണ്ടതുണ്ട്. ഇത്തരം ഭേദഗതികൾ ചെയ്യാവുന്നതാണ്.

3.1.15 2016-17 വർഷം മികച്ച പ്രാദേശിക സർക്കാരുകൾക്ക് സ്പെഷ്യൽ ഇൻസെന്റീവായി അനുവദിച്ച അവാർഡ് തുക നേരത്തേ അനുവദിച്ചു കിട്ടാത്ത 12 ഗ്രാമപഞ്ചായത്തുകൾക്കും 4 ബ്ലോക്ക് പഞ്ചായത്തുകൾക്കും ധനവകുപ്പ് 24.07.2018-ലെ 6281/18/ധന.നമ്പർ ഉത്തരവ് പ്രകാരം അധിക തുക അനുവദിച്ചിട്ടുണ്ട്. ആകെ 1,80,00,000/- രൂപ . ഗ്രാമപഞ്ചായത്തുകൾക്ക് 1.00 കോടി രൂപയും ബ്ലോക്ക് പഞ്ചായത്തുകൾക്ക് 80,00,000/- രൂപയും. ഈ തുക പ്ലാൻ ഫണ്ടിന്റെ ഹെഡ് ഓഫ് അക്കൗണ്ടിൽ ആണ് അനുവദിച്ചിരിക്കുന്നത്. അവാർഡ് എന്ന നിലയിൽ പ്രത്യേക പ്രോത്സാഹനമായി നൽകിയ തുക എന്നതിനാൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഈ തുക 'പ്രത്യേക ഗ്രാന്റ്' എന്ന ഗണത്തിൽ ഉൾപ്പെടുത്തി തുക ചെലവഴിക്കാവുന്നതാണ്. ഇവയെ മേഖലാ

വിഭജനമടക്കമുള്ള മറ്റ നിബന്ധനകളിൽ നിന്ന് ഒഴിവാക്കി പ്രോജക്ട് ഉൾപ്പട്ടുത്തണം.

3.1.16 ഏതെങ്കിലും പ്രോജക്ടുകൾ ഒഴിവാക്കുകയാണെങ്കിൽ ഇങ്ങനെ ലഭിക്കുന്ന തുക സ്പിൽ ഓവർ പ്രോജക്ടുകൾക്കോ മുകളിൽ ഖണ്ഡിക 3.1.3 -ൽ പറഞ്ഞിരിക്കുന്ന പ്രോജക്ടുകൾ ഉൾപ്പെട്ടുത്തുന്നതിനോ ഉപയോഗിക്കേണ്ടതാണ്. തുക മിച്ചം ഉണ്ട് എങ്കിൽ മാത്രമേ പുതിയ പ്രോജക്ടുകൾക്ക് ഉപയോഗിക്കാവൂ. വാർഷിക പദ്ധതി ഭേദഗതി ചെയ്യുമ്പോൾ മേഖലാ വിഭജനമടക്കമുള്ള നിബന്ധനകൾ പാലിച്ചിരിക്കണം. ഭേദഗതി/പുതിയ പ്രോജക്ടുകൾ വെറ്റിംഗ്/സാങ്കേതികാനുമതിയ്ക്ക ശേഷമാണ് ജില്ലാ ആസൂത്രണസമിതിക്ക് സമർപ്പിക്കേണ്ടത്.

3.1.17 **ഇത്തരം ഭേദഗതികൾ ചെയ്യുന്നതിനാവശ്യമായ മുന്നൊരുക്കങ്ങൾ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും ഇപ്പോൾതന്നെ നടത്തേണ്ടതാണ്. 01.09.2018 മുതൽ 15.09.2018വരെ ഇതിനായി സുലേഖ സോഫ്റ്റ് വെയറിൽ സൗകര്യം ഒരുക്കുന്നതാണ്. എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും വാർഷിക പദ്ധതിയിൽ ആവശ്യമായ ഭേദഗതി വരുത്തി വെറ്റിംഗും സാങ്കേതികാനുമതിയും വാങ്ങി 15.09.2018-നകം ജില്ലാ ആസൂത്രണസമിതിക്ക് അംഗീകാരത്തിന് സമർപ്പിക്കേണ്ടതാണ്. ജില്ലാ ആസൂത്രണസമിതി അംഗീകാരം ഇല്ലാതെ ഭേദഗതി പ്രോജക്ടുകളുടെ ബില്ലുകൾ മാറാൻ കഴിയില്ല എന്നതിനാൽ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും ഈ വിഷയത്തിൽ പ്രത്യേക ശ്രദ്ധ നൽകേണ്ടതാണ്.**

(തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്)

3.2 **ചില** തദ്ദേശഭരണ സ്ഥാപനങ്ങൾ വാർഷിക പദ്ധതി ഭേദഗതിക്ക് ജില്ലാ ആസൂത്രണസമിതിയിൽ നിന്ന് അനുമതി വാങ്ങിയിരുന്നുവെങ്കിലും നടപടിക്രമങ്ങൾ പാലിച്ച് ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരത്തിന് സമർപ്പിച്ചിട്ടില്ല. കോഓർഡിനേഷൻ കമ്മിറ്റിയുടെ 18.07.2018-ലെ തീരുമാനപ്രകാരം (ഖണ്ഡിക 3.2) ഇത്തരം തദ്ദേശഭരണ സ്ഥാപനങ്ങൾ എസ്.ആർ.ജി. മുഖേന ഐ.കെ.എം.നെ അറിയിക്കുന്ന മുറയ്ക്ക് അത്തരം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് മാത്രം ജില്ലാ ആസൂത്രണ സമിതിക്ക് ഭേദഗതി പ്രോജക്ടുകൾ സമർപ്പിക്കുന്നതിന് സുലേഖ സോഫ്റ്റ് വെയറിൽ ക്രമീകരണം ചെയ്യുന്നതാണ്.

(തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്)

3.3 ചില തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ജില്ലാ ആസൂത്രണസമിതി നൽകുന്ന അംഗീകാര നടപടിക്രമത്തിൽ ഓരോ പ്രോജക്ടിനും 'clearance' നൽകിയിട്ടില്ല. ഇത്തരം അപാകതകൾ ജില്ലാ പ്ലാനിംഗ് ഓഫീസ് അടിയന്തിരമായി പൂർത്തിയാക്കണം. ജില്ലാ പ്ലാനിംഗ് ഓഫീസിൽ നിന്ന് എസ്.ആർ.ജി.യിലേയ്ക്ക് അറിയിക്കുന്ന മുറയ്ക്ക് ഐ.കെ.എം. ഇതിനുള്ള സൗകര്യം സോഫ്റ്റ് വെയറിൽ ഒരുക്കുന്നതാണ്.

നടപടി:- 1) തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്
2) എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാരും

3.4 തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വികസന ഫണ്ടിന്റെ രണ്ടാം ഗഡു അനുവദിച്ചു കൊണ്ട് 25.07.2018-ൽ ഉത്തരവായിട്ടുണ്ട്. അംഗൻവാടി ടീച്ചർക്കും സഹായികൾക്കും നൽകേണ്ട അധിക വിഹിതം എന്ന നിലയിൽ 72,44,74,500/- രൂപ സാമൂഹ്യനീതി ഡയറക്ടർക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യണമെന്ന്

ധനവകുപ്പിന്റെ ഉത്തരവിൽ പറഞ്ഞിട്ടുണ്ട്. ഇപ്പോൾ അനുവദിച്ചിരിക്കുന്ന രണ്ടാം ഗഡുവിൽ നിന്ന് ഗ്രാമ പഞ്ചായത്തുകളുടേയും നഗരസഭകളുടേയും സെക്രട്ടറിമാർ ഈ തുക "2235- 02-102-05 - Deduct Amount transferred from Development Fund Towards Honorarium & Allowances of Anganwady Workers and Helpers (NP)" എന്ന ശീർഷകത്തിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

ഈ വർഷം ഇപ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ തുക വകയിരുത്തേണ്ടതില്ലെന്നും മുഴുവൻ വിഹിതവും സാമൂഹ്യനീതി വകുപ്പ് നൽകുമെന്നും ധാരണ ഉണ്ടായിരുന്നതിനാൽ ഇതിന്മേൽ വ്യക്തമായ നിർദ്ദേശം സാമൂഹ്യനീതി വകുപ്പ് അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ റിപ്പോർട്ട് ചെയ്യണം.

അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ സാമൂഹ്യനീതി ഡയറക്ടറെക്കൂടി പങ്കെടുപ്പിക്കണമെന്ന് തീരുമാനിച്ചു.

**നടപടി**:- 1)തദ്ദേശസ്വയംഭരണ(ഇ.പി.എ) വകുപ്പ്
2)സാമൂഹ്യനീതി ഡയറക്ടർ

3.5 കോർപ്പറേഷൻ, ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് , നഗരസഭകൾ, ഗ്രാമപഞ്ചായത്ത് എന്നീ തദ്ദേശഭരണ സ്ഥാപനങ്ങളുടെ മുഴുവൻ പെർഫോർമൻസ് ടീമിനും പരിശീലനം നൽകാൻ തീരുമാനിച്ചു. ഇതിനാവശ്യമായ നടപടി 'കില' സ്വീകരിക്കണം. പരിശീലന മൊഡ്യൂൾ എസ്.ആർ.ജി.യുമായി ചർച്ച ചെയ്ത് അന്തിമമാക്കണം

**നടപടി**:- 1)ഡയറക്ടർ, കില

3.6 പദ്ധതി ചെലവ് മുൻവർഷവും നടപ്പുവർഷവും മികച്ച ശതമാനമാണ്. ഇതോടൊപ്പം പദ്ധതി ആസൂത്രണ നിർവഹണ രീതിയിലെ ഗുണനിലവാരവും പ്രോജക്ടുകളുടെ ഗുണനിലവാരവും മെച്ചപ്പെടുത്തേണ്ടതായിട്ടുണ്ട്. പ്രോജക്ടുകൾ തയ്യാറാക്കുന്നതിന് മികച്ച ഫോർമാറ്റാണ് തയ്യാറാക്കിയിട്ടുള്ളത്. എന്നാൽ വേണ്ട എൻട്രികൾ പ്രോജക്ടിൽ നിർവഹണ ഉദ്യോഗസ്ഥന്മാർ നടത്താറില്ല. പ്രോജക്ട് ഫോർമാറ്റിൽ ആവശ്യമായ എൻട്രികൾ വരുത്തുന്നതിൽ നിർവ്വഹണ ഉദ്യോഗസ്ഥർ ഗുരുതരമായ വീഴ്ചയാണ് വരുത്തുന്നതെന്ന് യോഗം വിലയിരുത്തി. ഇത്തരം പ്രോജക്ടുകൾ കാര്യക്ഷമമായി പരിശോധിച്ച് അനുമതി നൽകാൻ വെറ്റിംഗ് ഓഫീസർമാർക്കും കഴിയുന്നില്ല. ഇത് പരിഹരിക്കുന്നതിന്റെ ഭാഗമായി അടിയന്തിരമായി മുഴുവൻ നിർവഹണ/ വെറ്റിംഗ് ഉദ്യോഗസ്ഥർക്കും നിർബന്ധമായി പരിശീലനം നൽകാൻ തീരുമാനിച്ചു. മുൻപ് പരിശീലനം ലഭിച്ചവരെ തദ്ദേശഭരണ സ്ഥാപനം ആവശ്യപ്പെടുന്നതനുസരിച്ച് പരിശീലനത്തിൽ നിന്നൊഴിവാക്കുന്നതാണ്.

(നടപടി:-തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്)

3.7 വരാൻ പോകുന്ന ലോകസഭാ തെരഞ്ഞെടുപ്പ് മുന്നിൽ കണ്ട് 2019-2020-ലെ വാർഷിക പദ്ധതി 2018 ഡിസംബർ 31-നകം പൂർത്തീകരിക്കുന്ന രീതിയിൽ നടപടിക്രമങ്ങൾ ആരംഭിക്കാൻ തീരുമാനിച്ചു. ഇതിനുള്ള മുന്നൊരുക്കം തുടങ്ങാൻ എസ്.ആർ.ജി.യെ ചുമതലപ്പെടുത്തി. നടപ്പുവർഷത്തെ ബഡ്ജറ്റ് വിഹിതത്തിന്റെ 10 ശതമാനം വർദ്ധനവ് കണക്കാക്കി 2019-20-ലെ വാർഷിക പദ്ധതി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് തയ്യാറാക്കാവുന്നതാണ്. ബഡ്ജറ്റ് അവതരണത്തിനുശേഷം

ചെറിയ ഭേദഗതികളോടെ വാർഷിക പദ്ധതി അന്തിമമാക്കുന്ന രീതിയാണ് ഈ വർഷം അവലംബിക്കുന്നത്

(നടപടി:-സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്)

3.8 കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്ക് പ്രോജക്ടുകൾ /മറ്റു വിഷയങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള ക്രമീകരണം ഐ.കെ.എം. ആവിഷ്കരിച്ചിട്ടുണ്ട്. കാലതാമസം ഒഴിവാക്കി നടപടിക്രമങ്ങൾ ലഘൂകരിച്ചു കൊണ്ടുള്ള രീതിയാണ് ഇത് എന്ന് യോഗം വിലയിരുത്തി. ഇനിയുള്ള കോഓർഡിനേഷൻ കമ്മിറ്റികളിലേയ്ക്ക് ഈ രീതിയിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വിഷയങ്ങൾ സമർപ്പിക്കേണ്ടതാണ്. എന്നാൽ മറ്റു സ്ഥാപനങ്ങൾ/വകുപ്പുകൾ നേരിട്ടു സമർപ്പിക്കുന്ന രീതി തുടരാവുന്നതാണ്. ഐ.കെ.എം. തയ്യാറാക്കിയിരിക്കുന്ന ഫോർമാറ്റിൽ വേണം തദ്ദേശഭരണ സ്ഥാപനങ്ങൾ വിഷയങ്ങൾ കോഓർഡിനേഷൻ കമ്മിറ്റിക്ക് നൽകേണ്ടത്. തദ്ദേശഭരണ സ്ഥാപനങ്ങൾ നേരിട്ട് ജില്ലാ പ്ലാനിംഗ് ഓഫീസിലേയ്ക്കും (DPC സെക്രട്ടേറിയറ്റ്) ജില്ലാ പ്ലാനിംഗ് ഓഫീസറുടെ പരിശോധനയോടെ ഇത് ഓൺലൈൻ ആയി സർക്കാരിലേയ്ക്ക് അയയ്ക്കേണ്ടതാണ്. ഇപ്രകാരം ഓൺലൈനായി സമർപ്പിക്കുന്നത് സർക്കാരിലും (തദ്ദേശസ്വയംഭരണ വകുപ്പിൽ) എസ്.ആർ.ജി.യിലും പരിശോധിക്കാവുന്നതാണ്. എസ്.ആർ.ജി. ഇത് പരിശോധിച്ച് കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിന് അജണ്ടക്കുറിപ്പ് തയ്യാറാക്കി സർക്കാരിന് നൽകണം. കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിനുശേഷം യോഗ തീരുമാനം രേഖപ്പെടുത്തി ഓൺലൈൻ ആയി തന്നെ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് എസ്.ആർ.ജി.യിൽ നിന്ന് അയച്ചു നൽകുന്നതാണ്.

(നടപടി:-സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്)

**4. പ്രത്യേക വിഷയങ്ങൾ**

====================

## 4.1 കോഴിക്കോട് ജില്ലാ പഞ്ചായത്ത്

**കോഴിക്കോട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 27.04.2018-ലെ കത്തും കോഓർഡിനേഷൻ കമ്മിറ്റിയുടെ 06.06.2018, 18.07.2018 എന്നീ തീയതികളിൽ നടന്ന യോഗങ്ങളുടെ മിനിട്സും (LSGD - DA1/556/2018/LSGD)**

കോഴിക്കോട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ കത്തിന്റെ അടിസ്ഥാനത്തിൽ കോഓർഡിനേഷൻ കമ്മിറ്റിയുടെ 06.06.2018, 18.07.2018 എന്നീ യോഗ തീരുമാന പ്രകാരം കോഴിക്കോട് പ്രവർത്തിക്കുന്ന പ്രീ-റിക്രൂട്ട്മെന്റ് ട്രെയിനിംഗ് സെന്ററിനെ (PRTC) ഹോം നേഴ്സിംഗ് ആന്റ് ഹെൽത്ത് കെയർ പരിശീലനം നടത്തുന്നതിനുള്ള അംഗീകൃത ഏജൻസിയായി അംഗീകരിച്ചിരുന്നു.

ഈ തീരുമാനം യോഗം പുനഃപരിശോധിക്കുകയും ഇപ്രകാരം നൽകിയ അംഗീകാരം റദ്ദാക്കുന്നതിനും തീരുമാനിച്ചു.

**നടപടി:**-തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

## 4.2 നന്നമുക്ക് ഗ്രാമപഞ്ചായത്ത്

**മലപ്പുറം ജില്ലാ കളക്ടറുടെ 25.07.2018-ലെ 400/2018/19/DPC/DPO/MPM നമ്പർ കത്തും നന്നംമുക്ക് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 05.07.2018-ലെ A2/887/18-ാം നമ്പർ കത്തും (SRG/520/18)**

ഈ വർഷത്തെ വാർഷിക പദ്ധതിയിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങൽ എന്ന പ്രോജക്ട്(പ്രോ.നം. 17/2019. അടങ്കൽ 2.00 ലക്ഷം രൂപ) ഉൾപ്പെടുത്തിയിരുന്നു. 2018-19-ലെ മാർഗ്ഗരേഖയിൽ ഇത് ഉൾപ്പെടുത്തിയിട്ടില്ല എന്നതിനാൽ വെറ്റിംഗ് ഓഫീസറും അപ്പലേറ്റ് കമ്മിറ്റിയും പ്രോജക്ട് നിരസിച്ചു. പ്രത്യേക അനുമതി സംബന്ധിച്ച്

**തീരുമാനം :-** അനുമതി നിരസിച്ചു

**നടപടി:-**തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

## 4.3 എലവഞ്ചേരി ഗ്രാമ പഞ്ചായത്ത്

**എലവഞ്ചേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 20.02.2018-ലെ കത്ത് (LSGD - FM3/291/2016-LSGD) (SRG 521/18)**

പഞ്ചായത്തിന് മാലിന്യസംസ്കരണത്തിന് ട്രാക്ടർ ഉണ്ട്. റവന്യൂവകുപ്പ് കുടിവെള്ളം വിതരണം ചെയ്യുമ്പോൾ എല്ലാ പ്രദേശത്തും ചെന്നെത്താൻ കഴിയില്ല. അതിനാൽ വേനൽക്കാലത്ത് എല്ലാ പ്രദേശത്തും കുടിവെള്ളം വിതരണം ചെയ്യാൻ സഹായകരമാകും വിധം ട്രാക്ടറിനോട് ഘടിപ്പിക്കാവുന്ന ഒരു കുടിവെള്ള ടാങ്കർ വാങ്ങാൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** പ്രോജക്ട് തയ്യാറാക്കി ജില്ലാ ആസൂത്രണസമിതിക്ക് സമർപ്പിക്കണം

**നടപടി:-**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്

## 4.4 മലപ്പുറം ജില്ലാ പഞ്ചായത്ത്

**മലപ്പുറം ജില്ലാ കളക്ടറുടെ 26.07.2018-ലെ 400/2018-19/DPC/DPO/MPM - നമ്പർ കത്തും മലപ്പുറം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 23.07.2018-ലെ P4-3331/18-ാം നമ്പർ കത്തും(SRG 519/18)**

ജില്ലാ പഞ്ചായത്ത് 2018-19-ൽ ആലങ്കോട് ഗ്രാമപഞ്ചായത്തിലെ കോലത്തുംപാടം , പെരുമുക്ക്, മുത്തൂർപാടം, പട്ടിശ്ശേരി, ചിയ്യാന്തർ, തിരുത്തുമ്മേൽ, കോൾപടവ് , നിലയിൽ കോൾ പടവ്, ളുണകടവ് കോൾ പടവ്, പഴംചിറ കോൾ പടവ് എന്നീ കോൾ നിലങ്ങളിൽ പമ്പ് സെറ്റും പമ്പ് ഹൗസും സ്ഥാപിക്കാൻ പ്രോജക്ടുകൾ ഏറ്റെടുത്തിട്ടുണ്ട്. (പ്രോ.നം. 911/19- അടങ്കൽ 30,00,000/- രൂപ) ഓരോ പമ്പുസെറ്റും ഓരോ യൂണിറ്റായി കണക്കാക്കി പ്രത്യേകം എസ്റ്റിമേറ്റാണ് എടുത്തിരിക്കുന്നത്. ഓരോ യൂണിറ്റിന്റേയും എസ്റ്റിമേറ്റ് 3.00 ലക്ഷം രൂപ മുതൽ 7.00 ലക്ഷം രൂപവരെയാണ്. എസ്റ്റിമേറ്റുകൾ 10.00 ലക്ഷം രൂപയിൽ കുറവായതിനാൽ ഇവ വെറ്റിംഗ് ഓഫീസർ നിരസിച്ചു. ഇവ ഒറ്റ പ്രോജക്ടായി നടപ്പാക്കാൻഅനുമതി സംബന്ധിച്ച്

**തീരുമാനം :-** ഓരോ യൂണിറ്റിനും ഓരോ എസ്റ്റിമേറ്റായതിനാൽ പ്രത്യേക പ്രോജക്ടായി നടപ്പാക്കണം. യൂണിറ്റ് ചെലവ് 10.00 ലക്ഷം രൂപയിൽ താഴെയാണെങ്കിലും ഈ

രീതിയിൽ നടപ്പാക്കാൻ അനുമതി നൽകുന്നു.

**നടപടി:**-തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്

**4.5 മുളന്തുരുത്തി ഗ്രാമപഞ്ചായത്ത്**

**എറണാകുളം ജില്ലാ കളക്ടറുടെ 27.07.2018-ലെ 53052/18/DPC/DPO/EKM നമ്പർ കത്തും മുളന്തുരുത്തി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 27.07.2018-ലെ A4-346/18-ാം നമ്പർ കത്തും (SRG 531/18)**

ഗ്രീൻ പ്രോട്ടോക്കോൾ നടപ്പാക്കുന്നതിന്റെ ഭാഗമായി കുടുംബശ്രീ യൂണിറ്റുകൾക്ക് സ്റ്റീൽ പാത്രങ്ങൾ, സംഭരണ പാത്രങ്ങൾ എന്നിവ വാങ്ങി നൽകുന്നതിന് പ്രോജക്ട് 2018-19-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രോജക്ടിന്റെ പേര് ''കുടുംബശ്രീ ഗ്രൂപ്പുകൾ മുഖേന ഗ്രീൻ പ്രോട്ടോകോൾ'' (പ്രോ.നം. 35/19 അടങ്കൽ 1,50,000/- രൂപ) . ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** പ്രത്യേക അനുമതി നൽകുന്നു.

**നടപടി:**-തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്

**4.6വാഴക്കാട് ഗ്രാമപഞ്ചായത്ത്**

**മലപ്പുറം ജില്ലാ കളക്ടറുടെ 21.07.2018-ലെ 400/2018-19/DPC/DPO/MPM - നമ്പർ കത്തും വാഴക്കാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ കത്തും (SRG 495/18)**

2015-16-ൽ വാഴക്കാട് മാതൃകാ അങ്കണവാടിക്കായി കിണർ എന്ന പ്രോജക്ട് ഉൾപ്പെടുത്തിയിരുന്നു. (പ്രോ.നം. 181/16 - അടങ്കൽ 3.00 ലക്ഷം രൂപ) ഇത് സ്പിൽ ഓവറായി 2016-17-ൽ തുടരുകയുണ്ടായി . ഇത് ഗുണഭോക്തൃ സമിതി മുഖേന നടപ്പാക്കുന്ന രീതിയിൽ ഭേദഗതി വരുത്തി നടപടിക്രമം പാലിക്കാതെ നടപ്പാക്കി. ഇതിന് സാധൂകരണം നൽകി ബിൽ തുക നൽകാൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** നടപടിക്രമങ്ങളൊന്നും പാലിക്കാതെ ഗുണഭോക്തൃ കൺവീനർ മുഖേനെയാണ് പ്രോജക്ട് നടപ്പാക്കിയതെന്ന് യോഗം വിലയിരുത്തി. നിർവഹണ ഉദ്യോഗസ്ഥന്റെ ഭാഗത്ത് വീഴ്ച വന്നിട്ടുണ്ടോഎന്ന് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് തീരുമാനമെടുക്കും.

നടപടി:-1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്
2) തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ

**4.7 മുന്നിയൂർ ഗ്രാമപഞ്ചായത്ത്**

**മലപ്പുറം ജില്ലാ കളക്ടറുടെ 21.07.2018-ലെ 400/2018-19/DPC/DPO/DM - നമ്പർ കത്തും മുന്നിയൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 17.7.2018-ലെ A2-1967/2018-ാം നമ്പർ കത്തും (SRG 494/18)**

ജലനിധി പദ്ധതിക്കും പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിനും ഭൂമി വാങ്ങുന്നതിനായി 2018-19-ലെ വാർഷിക പദ്ധതിയിലെ മെയിന്റനൻസ് ഗ്രാന്റ് (റോഡ്)

ഉപയോഗിച്ചുള്ള 26 പ്രോജക്ട് ഭേദഗതി ചെയ്ത് ലഭിക്കുന്ന തുകയും (അടങ്കൽ 64,38,000/- രൂപ) ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്ന് 77,93,000/- രൂപയും ഉപയോഗിച്ച് ജലനിധി പദ്ധതിക്കും പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിനും ഭൂമി വാങ്ങാൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** റോഡ് മെയിന്റനൻസ് ഗ്രാന്റും ധനകാര്യ കമ്മീഷൻ ഗ്രാന്റും പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിനു സ്ഥലം വാങ്ങാൻ ഉപയോഗിക്കാവുന്നതല്ല. അനുമതി നിരസിച്ചു

നടപടി:-തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

## 4.8 കോഡൂർ ഗ്രാമപഞ്ചായത്ത്

**മലപ്പുറം ജില്ലാ കളക്ടറുടെ 21.07.2018-ലെ 400/2018-19/DPC/DPO/MPM - നമ്പർ കത്തും കോഡൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 11.06.2018-ലെ 3/2018-ാം നമ്പർ കത്തും (SRG 493/18)**

പഞ്ചായത്തുകൾ വിവിധ ആവശ്യങ്ങൾക്ക് സ്ഥലം ഏറ്റെടുക്കുന്നത് സർക്കാർ നിശ്ചയിച്ച ഭൂ വിലയുടെ അടിസ്ഥാനത്തിലാണ്. ഇങ്ങനെ സ്ഥലം ഏറ്റെടുക്കുമ്പോൾ നിലവിലെ നഷ്ടപരിഹാര സെലേഷ്യം 30 ശതമാനമാണ്. 2018-ലെ റവന്യൂ ഗൈഡ് പ്രകാരം (ഖണ്ഡിക 198) നഷ്ട പരിഹാര സെലേഷ്യം 100 ശതമാനമാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഗ്രാമപഞ്ചായത്ത് ഏറ്റെടുക്കുന്ന ഭൂമിക്ക് 100 ശതമാനം നഷ്ടപരിഹാര സെലേഷ്യം നൽകാൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** ഇതു പരിശോധിച്ച് വകുപ്പുതലത്തിൽ തീരുമാന മെടുക്കാൻ നിർദ്ദേശിക്കുന്നു

നടപടി:-തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പ്

## 4.9 ഉദയനാപുരം ഗ്രാമപഞ്ചായത്ത്

**കോട്ടയം ജില്ലാ കളക്ടറുടെ 24.07.2018-ലെ 490/2018/DPC/DPO/KTM - നമ്പർ കത്തും ഉദയാനാപുരം ഗ്രാമപഞ്ചായത്തിന്റെ 23.042018-ലെ 28(1)നമ്പർ ഭരണ സമിതി തീരുമാനവും (SRG 496/18)**

ഓണത്തോടനുബന്ധിച്ച് ഒരു വിപണനമേള നടത്തുവാൻ പഞ്ചായത്ത് തീരുമാനിച്ചിട്ടുണ്ട്. കുടുംബശ്രീ സംരംഭകരെ കൂടി ഉൾപ്പെടുത്തിയാണ് ഇത് നടത്തുന്നത്. ഈ വിപണന മേളയ്ക്ക് 1,50,000/- രൂപ തനത് ഫണ്ടിൽ നിന്ന് ഉപയോഗിക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നൽകുന്നു.

നടപടി:-തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്

## 4.10 തിരുവനന്തപുരം കോർപ്പറേഷൻ

**തിരുവനന്തപുരം കോർപ്പറേഷൻ മേയറുടെ 28.05.2018-ലെ E16/34934/18-ാം നമ്പർ കത്ത് (LSGD - DB3/108/2018/LSGD) SRG 502/18)**

MPLAD, MLASDF ഫണ്ടുപയോഗിച്ച് സർക്കാർ സ്കൂളുകളിലേയ്ക്ക് ലഭിക്കുന്ന ബസ്സുകളുടെ ഇൻഷ്വറൻസ് തുക, ഡ്രൈവറുടെ വേതനം, ഇന്ധനചെലവ് എന്നിവ നഗരസഭ വഹിക്കുന്നതിന് അനുമതി സംബന്ധിച്ച്

തീരുമാനം :- അനുമതി നിരസിച്ചു. PTA ഫണ്ടിൽ നിന്നോ മറ്റു വിധത്തിലോ തുക കണ്ടെത്തേണ്ടതാണ്

നടപടി:-തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്

**4.11 കഠിനംകുളം ഗ്രാമപഞ്ചായത്ത്**

**തിരുവനന്തപുരം ജില്ലാ കളക്ടറുടെ 25.07.2018-ലെ Plg.220/2018-19/DPC/DPO/ തിരു.CC നമ്പർ കത്തും കഠിനംകുളം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 20.07.2018-ലെ A2-6313/2018-ാം നമ്പർ കത്തും (SRG 511/18)**

പഞ്ചായത്തിൽ 2017-18-ൽ പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങി നൽകാൻ പ്രോജക്ട് തയ്യാറാക്കിയിരുന്നു. (പ്രോ.നം.91/17- അടങ്കൽ 2,50,000/- രൂപ) ഗ്രാമസഭാ ലിസ്റ്റും സ്കൂളിൽ നിന്നും ലഭിച്ച ലിസ്റ്റും തമ്മിൽ ഇരട്ടിപ്പ് വന്നതിനാൽ 19 സൈക്കിൾ മിച്ചമുണ്ട്. ഇത് അർഹരായ കുട്ടികൾക്ക് വിതരണം ചെയ്യാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** മുൻ വർഷം വാങ്ങിയ സൈക്കിൾ ആയതിനാൽ അനുമതി നൽകുന്നു.

നടപടി:-തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

**4.12പത്തനതിട്ട ജില്ലാ പഞ്ചായത്ത്**

**പത്തനതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 25.07.2018-ലെ RO1/415/2018/DPC/ DPO/PTA നമ്പർ കത്തും പത്തനംതിട്ട ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 19.07.2018-ലെ P6/2658/17-ാം നമ്പർ കത്തും. (SRG 510/18)**

താഴെപ്പറയുന്ന പ്രോജക്ടുകൾക്ക് വെറ്റിംഗ് ഓഫീസറും സംസ്ഥാനതല അപ്പീൽ കമ്മിറ്റിയും അനുമതി നിരസിച്ചു. കോഓർഡിനേഷൻ കമ്മിറ്റിയുടെ പ്രത്യേക അനുമതി സംബന്ധിച്ച്

| ക്രമ നം | പ്രോ.നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ |
|---|---|---|---|
| 1 | 293/19 | പടിഞ്ഞാറ്റുമുറി ഗ്രാമീണ ഗ്രന്ഥ ശാലയിലേയ്ക്ക് റഫറൻസ് പുസ്തകങ്ങൾ വാങ്ങൽ (കവിയൂർ ഗ്രാമപഞ്ചാ യത്ത്) | 50,000/- |
| | **തീരുമാനം :-** | അനുമതി നിരസിച്ചു | |
| 2 | 498/19 | തേക്കുതോട് മൂഴി പ്ലാന്റേഷൻ റോഡ് മെയിന്റനൻസ് (തണ്ണിത്തോട് ഗ്രാമപഞ്ചായത്ത് | 70,00,000/- |
| | **തീരുമാനം:-** | റോഡ് അറ്റകുറ്റപ്പണി നടത്തുന്നതിന് വനം വകുപ്പും പ്ലാന്റേഷൻ കോർപ്പറേഷനും സമ്മതപത്രം നൽകിയിട്ടുള്ളതിനാൽ അനുമതി നൽകുന്നു. എന്നാൽ ഇത് പൊതു ജനങ്ങൾക്ക് തുറന്നുകൊടുക്കണമെന്ന സമ്മതപത്രം പ്ലാന്റേഷൻ കോർപ്പറേഷനിൽ നിന്നും വാങ്ങേണ്ടതാണ്. | |

നടപടി:-തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്

4.13 ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 17.07.2018-ലെ 2895/2018/DPC/DPO/ ALP നമ്പർ കത്തു പ്രകാരം നൽകിയിരിക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഷയങ്ങൾ (SRG 516/2018)

(i) **ഭരണിക്കാവ് ഗ്രാമപഞ്ചായത്ത്**

**ഭരണിക്കാവ് ഗ്രാമപഞ്ചായത്തിന്റെ 30.06.2018-ലെ 1(3)-ാം നമ്പർ ഭരണസമിതി തീരുമാനം**

2018-19-ൽ ജ്യോതിർഗമയ എന്ന പദ്ധതിയിലൂടെ മദ്യത്തിനും മയക്കമരുന്നിനും എതിരായ പ്രചരണ പരിപാടി നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. പ്രതീക്ഷിക്കുന്ന ചെലവ് 1.00 ലക്ഷം രൂപ. ഇതിൽ 50,000/- രൂപ തനത് ഫണ്ടിൽ നിന്നും ബാക്കി സംഭാവനയിൽ നിന്നുമാണ് ഉദ്ദേശിക്കുന്നത്. ഇതിന് യഥേഷ്ടാനുമതി സംബന്ധിച്ച്

**തീരുമാനം :-** പ്രോജക്ട് തയ്യാറാക്കി ജില്ലാ ആസൂത്രണസമിതിയുടെ പരിഗണനയ്ക്ക് നൽകണം.

നടപടി:-തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്

(ii) **ഭരണിക്കാവ് ഗ്രാമപഞ്ചായത്തിന്റെ 30.06.2018-ലെ 10-ാം നമ്പർ ഭരണസമിതി തീരുമാനം**

ഗ്രാമപഞ്ചായത്തിലെ ഗവ. ഹോമിയോ ആശുപത്രിയോടനുബന്ധിച്ച് ഹൈടെക് മെഡിക്കൽ ലാബിന് കെട്ടിടവും ഉപകരണവും ഒരുക്കിയിട്ടുണ്ട്. ഈ ലാബിൽ നിയമിച്ചിരിക്കുന്നവർക്കുള്ള വേതനം വികസനഫണ്ടിൽ നിന്നും നൽകാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നിരസിച്ചു. ഹോസ്പിറ്റൽ മാനേജ് കമ്മിറ്റി ഫണ്ടിൽ നിന്നും ഇതിനുള്ള തുക കണ്ടെത്തേണ്ടതാണ്.

നടപടി:-തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

(iii) **ഭരണിക്കാവ് ഗ്രാമപഞ്ചായത്തിന്റെ 30.06.2018-ലെ 16-ാം നമ്പർ ഭരണസമിതി തീരുമാനം**

പൊട്ടിപ്പൊളിഞ്ഞതും ചോർന്നൊലിക്കുന്നതുമായ "കുടിൽ" എന്ന കാറ്റഗറിയിൽപ്പെടുന്ന ധാരാളം വീടുകൾ ഉണ്ട്. അസിസ്റ്റന്റ് എഞ്ചിനീയറുടെ കാലപ്പഴക്ക നിർണ്ണയ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഇത്തരം വീടുകൾക്ക് " വീട് വാസയോഗ്യമാക്കൽ" പദ്ധതി പ്രകാരം ആനുകൂല്യം നൽകാൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** ലൈഫ് മിഷൻ ലിസ്റ്റിലുള്ളവർക്ക് ഭവനം നൽകിയതിനുശേഷം പരിഗണിക്കേണ്ട വിഷയ മാണെന്ന് കോഓർഡിനേഷൻ കമ്മിറ്റി വിലയിരുത്തി.

നടപടി:-തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്

(iv) **തുറവൂർ ഗ്രാമപഞ്ചായത്ത്**

**തുറവൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 10.07.2018-ലെ C2-525/18-ാം നമ്പർ കത്ത്**

പഞ്ചായത്ത് 2018-19-ൽ ''അഴുക്കില്ലാ തുറവൂർ അഴകുള്ള തുറവൂർ '' എന്ന പദ്ധതി നൂതന പ്രോജക്ട് എന്ന ഗണത്തിൽ ഉൾപ്പെടുത്തി എടുത്തിട്ടുണ്ട്. അടങ്കൽ 15.00 ലക്ഷം രൂപ. മാലിന്യങ്ങൾ ശേഖരിക്കുന്നതിന് എല്ലാ വീടുകളിലും അജൈവ മാലിന്യ സംസ്കരണ ബിന്നുകൾ നൽകുകയാണ് പ്രവർത്തനം. ജില്ലാതല വിദഗ്ധ സമിതി കോഓർഡിനേഷൻ കമ്മിറ്റിയുടെ അംഗീകാരത്തിന് ശുപാർശ ചെയ്തു. ഈ പ്രോജക്ടിന് അനുമതി സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നിരസിച്ചു.

നടപടി:-തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്

(v) **ആലപ്പുഴ നഗരസഭ**

**ആലപ്പുഴ ജില്ലാ കളക്ടറുടെ 08.08.2018-ലെ 2895/2018/ DPC/DPO/ALP (SRG/625/18)**

ആലപ്പുഴ ജനറൽ ഹോസ്പിറ്റൽ ഡയാലിസിസ് യൂണിറ്റിന്റെ നിത്യനിദാന ചെലവുകൾക്കായി (പ്രോ.നം.204/19 അടങ്കൽ 30.00 ലക്ഷം രൂപ) പ്രോജക്ട് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു. ഡയാലിസിസിന് ഡോക്ടർ, മറ്റ് സ്റ്റാഫ് എന്നിവർക്ക് ശമ്പളം നൽകൽ എന്നിവയാണ് പ്രവർത്തനം. ജില്ലാതല അപ്പലേറ്റ് കമ്മിറ്റി നിരസിച്ച ഈ പ്രോജക്ടിന് അനുമതി സംബന്ധിച്ച്

**തീരുമാനം :-** അനുമതി നിരസിച്ചു. ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി ഫണ്ടിൽ നിന്നും തുക കണ്ടെത്തണം

നടപടി:-തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്

**4.14 അരീക്കോട് ഗ്രാമപഞ്ചായത്ത്**

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 01.08.2018-ലെ 400/2018-19/DPC/DPO/MPM നമ്പർ കത്തും അരീക്കോട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 21.07.2018-ലെ A2-2580/17-ാം നമ്പർ കത്തും. (SRG/566/18)**

തെരുവുവിളക്ക് അറ്റകുറ്റപ്പണിക്ക് ദിവസവേതാനാടിസ്ഥാനത്തിൽ യോഗ്യരായ ആളുകളെ നിയോഗിക്കാൻ അനുമതി സംബന്ധിച്ച് (പ്രോ.നം. 24/19 അടങ്കൽ 5.00 ലക്ഷം രൂപ)

**തീരുമാനം :-** അനുമതി നിരസിച്ചു. നിലവിലെ നിരക്കിന്റെ അടിസ്ഥാനത്തിൽ ടെണ്ടർ നടപടിക്രമം പാലിച്ച് നടപ്പാക്കണം

നടപടി:-തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

**4.15 അതിയന്നൂർ ബ്ലോക്ക് പഞ്ചായത്ത്**

**തിരുവനന്തപുരം ജില്ലാ കളക്ടറുടെ 01.08.2018-ലെ Plg. 220/2018-19/DPO/DPC/തിരു CC - നമ്പർ കത്തും അതിയന്നൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 30.07.2018-ലെ EO(P&M) 301/18/ATR നമ്പർ കത്തും 28.07.2018-ലെ 2(1) നമ്പർ ഭരണ സമിതി തീരുമാനവും (SRG/569/18)**

താഴെപ്പറയുന്ന രണ്ടു പ്രോജക്ടുകൾ 2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നുവെങ്കിലും വെറ്റിംഗ് ഓഫീസറും ജില്ലാതല അപ്പലേറ്റ് കമ്മിറ്റിയും അനുമതി നൽകിയില്ല.

1. പ്രോ.നം. 61/19 - ഗ്രൂപ്പ് അടിസ്ഥാനത്തിൽ പശുക്കളെ ലഭ്യമാക്കൽ (ജനറൽ- വൃദ്ധർ) അടങ്കൽ (വികസനഫണ്ട് 26.00 ലക്ഷം രൂപ) ആകെ 39.00 ലക്ഷം രൂപ. പശുവിനെ സംസ്ഥാനത്തിനു പുറത്തു നിന്നും വാങ്ങുന്ന പ്രോജക്ടിന് അനുമതി സംബന്ധിച്ച്

   **തീരുമാനം :-** അനുമതി നിരസിച്ചു. വയോജനങ്ങളുടെ ക്ഷേമത്തിനു വേണ്ടി മാറ്റി വച്ചിരിക്കുന്ന വിഹിതം ഇതിനായി ഉപയോഗിക്കാവുന്നതല്ല.

   നടപടി:-തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്

2. പ്രോ.നം. 62/19 - ഗ്രൂപ്പ് അടിസ്ഥാനത്തിൽ പശുക്കളെ ലഭ്യമാക്കൽ (എസ്.സി.എസ്.പി - വനിത) അടങ്കൽ (വികസനഫണ്ട് 36.40 ലക്ഷം രൂപ) ആകെ 62.40 ലക്ഷം രൂപ. പശുക്കളെ സംസ്ഥാനത്തിനു പുറത്തു നിന്നും വാങ്ങുന്നു. പ്രോജക്ടിന് അനുമതി സംബന്ധിച്ച്

   **തീരുമാനം :-** പ്രത്യേക അനുമതി നൽകുന്നു. പശുക്കളെ സംസ്ഥാനത്തിനു പുറത്തു നിന്നു വാങ്ങണം.

   നടപടി:-തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്

**4.16 എറണാകുളം ജില്ലാ കളക്ടർ 31.07.2018-ലെ 53052/18/DPC/DPO/EKM നമ്പർ കത്തു പ്രകാരം കുഴപ്പിള്ളി ഗ്രാമപഞ്ചായത്ത് വാഴക്കുളം ബ്ലോക്ക് പഞ്ചായത്ത് എന്നീ തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഷയങ്ങൾ.(SRG/570/18)**

**(i) കുഴിപ്പിള്ളി ഗ്രാമപഞ്ചായത്ത്**

**കുഴിപ്പിള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 18.07.2018-ലെ A3-377/18/65-ാം നമ്പർ കത്ത്.**

പഞ്ചായത്തിൽ ബി.പി.എൽ വിഭാഗത്തിൽപ്പെട്ട 43 ഗുണഭോക്താക്കൾക്ക് 50 ശതമാനം സബ്സിഡി നിരക്കിൽ (ഒരാൾക്ക് പരമാവധി 7,500/- രൂപ പ്രോ.നം.64/19 അടങ്കൽ തുക 6,45,000/-) സെപ്റ്റിക് ടാങ്ക് നൽകാൻ ഉദ്ദേശിക്കുന്നു. നൂതന പ്രോജക്ട് എന്ന നിലയിലുള്ള ഈ പ്രോജക്ടിന് ജില്ലാതല സമിതി അനുമതി നിരസിച്ചു. പ്രത്യേക അനുമതി സംബന്ധിച്ച്

**തീരുമാനം :-** ഇത് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരിശോധിച്ച് റിപ്പോർട്ട് നൽകണം. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കും

നടപടി:-1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

2) ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ

(ii) **വാഴക്കുളം ബ്ലോക്ക്പഞ്ചായത്ത്**

**വാഴക്കുളം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 23.07.2018-ലെ C-777/2017-ാം നമ്പർ കത്ത് .**

വായനശാലകൾക്ക് കമ്പ്യൂട്ടർ, മൈക്ക്, എൽ.സി.ഡി. പ്രോജക്ടറുകൾ എന്നിവ നൽകുന്നതിന് പ്രോജക്ട് എടുക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നിരസിച്ചു

നടപടി:-തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്

**4.17 ലൈഫ് മിഷൻ**

**ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 02.08.2018-ലെ LF2/622/2018(ii) -ാം നമ്പർ കത്ത് (SRG/601/18)**

(i) ലൈഫ് മിഷൻ പദ്ധതിയിൽ ഭവന നിർമ്മാണത്തിന് ആവശ്യമായ സിമെന്റ് ബ്ലോക്കുകൾ MGNREGS -ൽ ഉൾപ്പെടുത്തി നൽകാൻ ഉദ്ദേശിക്കുന്നു. ഓരോ വീടിനും 1200 സിമെന്റ് ബ്ലോക്കുകൾ ആണ് നൽകുന്നത്. സിമെന്റ് ബ്ലോക്കുകൾ നിർമ്മിക്കുന്നതിന് മെഷീൻ വാങ്ങാൻ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം/ തനത്ഫണ്ട് ഇവ ഉപയോഗിക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** ഒരു മെഷീന് പരമാവധി 6.00 ലക്ഷം രൂപ ചെലവഴിക്കാൻ 27.06.2018-ലെ കോഓർഡിനേഷൻ കമ്മിറ്റിയിൽ അനുമതി നൽകിയിട്ടുണ്ട് (ഖണ്ഡിക 3.11) ഇതിനുള്ള വിഹിതം (വികസനഫണ്ട്/തനത് ഫണ്ട്) ബ്ലോക്ക് പഞ്ചായത്തോ ഏതെങ്കിലുമൊരു ഗ്രാമ പഞ്ചായത്തോ അല്ലെങ്കിൽ സംയുക്തമായോ ചെലവഴിക്കാവുന്നതാണ്. നഗരസഭകൾക്കും ഇപ്രകാരം തുക വകയിരുത്താവുന്നതാണ്. ആവശ്യ മെങ്കിൽ ജില്ലാ പഞ്ചായത്തിനും തുക നൽകാവുന്ന താണ്.

നടപടി:-തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്

(ii) ഈ തുക എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും നിർബന്ധമായും മാറ്റി വയ്ക്കേണ്ടതുണ്ടോ എന്ന് സ്പഷ്ടീകരണം നൽകണമെന്നതു സംബന്ധിച്ച് .

**തീരുമാനം :-** ആവശ്യമായ തുക തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വകയിരുത്താവുന്നതാണ്. എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും നിർബന്ധമായും തുക മാറ്റി വയ്ക്കേണ്ടതില്ല.

നടപടി:-തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്

**4.18 കേരള സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ വികസന ഫെഡറേഷന്റെ 19.07.2018-ലെ AP 240/2017/868-ാം നമ്പർ കത്ത്.(SRG/559/18)**

ഔഷധിയിൽ നിന്നും മരുന്നു ലഭ്യമല്ലാതെ വന്നാൽ മറ്റ് ഏജൻസിയിൽ നിന്ന് ടെണ്ടറിലൂടെ വാങ്ങാൻ കോഓർഡിനേഷൻ കമ്മിറ്റിയുടെ 02.05.2018-ലെ യോഗം അനുമതി നൽകിയിരുന്നു. ഔഷധിയോടൊപ്പം ആയുർധാരയും ഉൾപ്പെടുത്തണമെന്നും ഈ രണ്ട് ഏജൻസികളിൽ നിന്ന് മരുന്നു ലഭ്യമല്ലാതെ വന്നാൽ മാത്രമേ ടെണ്ടറിലൂടെ വാങ്ങാൻ അനുമതി നൽകാവൂ എന്ന് നിർദ്ദേശം നൽകണമന്നതു സബന്ധിച്ച്

**തീരുമാനം :-** 14.02.2018-ലെ 22/18/തസ്വഭവ നമ്പറായുള്ള സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7.5.3(2) പാലിക്കണമെന്നു നിർദ്ദേശിക്കുന്നു.

നടപടി:-തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

**4.19 കുടുംബശ്രീ**

**കുടുംബശ്രീ ഡയറക്ടറുടെ 17.07.2018-ലെ 5167/N/2017/KSHO നമ്പർ കുറിപ്പ്**

മണ്ണാർക്കാട് നഗരസഭയിൽ PMAY (Urban) പദ്ധതി പ്രകാരം 592 ഗുണഭോക്താക്കൾക്ക് വീട് നിർമ്മിക്കാൻ അനുമതി ലഭിച്ചിട്ടുണ്ട്. ഇതിന്റെ നഗരസഭാ വിഹിതം കണ്ടെത്താൻ ബുദ്ധിമുട്ടാണ്. പുതിയ നഗരസഭ എന്ന നിലയിൽ 1.00 കോടി രൂപ അടിസ്ഥാന വികസനത്തിന് കഴിഞ്ഞ വർഷം ലഭിച്ചിരുന്നു. PMAY പദ്ധതിയുടെ നഗരസഭാ വിഹിതമായി ഈ തുക ഉപയോഗിക്കുന്നതിന് സർക്കാർ സാധൂകരണം വാങ്ങണമെന്ന നിബന്ധനയോടെ അനുമതി നൽകിയിരുന്നു. സാധൂകരണം നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** വകുപ്പ് തലത്തിൽ തീരുമാനമെടുക്കാൻ നിർദ്ദേശിക്കുന്നു.

നടപടി:-തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്

**4.20 സാംസ്കാരിക വകുപ്പ് ഡയറക്ടറുടെ 04.08.2018-ലെ P4-5364/18/സാം.വ.നമ്പർ കത്ത്.**

ഗ്രാമീണ മേഖലയിൽ കലാ സാംസ്കാരിക പ്രവർത്തനങ്ങൾക്ക് അനുയോജ്യമായ ഇടങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ സാംസ്കാരിക വകുപ്പ് " നാട്ടരങ്ങ്" എന്ന പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ട്. സാംസ്കാരിക പ്രവർത്തനങ്ങൾക്കായി മതിയായ പൊതു ഇടങ്ങൾ ഇല്ലാത്ത ഗ്രാമങ്ങളിലും ചെറു പട്ടണങ്ങളിലും സൗകര്യപ്രദങ്ങളായ പാതയോരങ്ങൾ കണ്ടെത്തി തിരുവനന്തപുരം മാനവീയം വീഥിയുടെ മാതൃകയിൽ വികസിപ്പിക്കുകയാണ് ലക്ഷ്യം. ഭൂമി ഏറ്റെടുക്കുന്നില്ല. സ്ഥല ലഭ്യത അനുസരിച്ച് ചുരുങ്ങിയത് ഒരു തുറന്ന സ്റ്റേജ്, ഒരു ചമയമുറി (പൂട്ടാവുന്നത്) പടികൾ, ബഞ്ചുകൾ, എന്നിവയാണ് നിർമ്മാണ പ്രവൃത്തി. ഒരു നാട്ടരങ്ങിന്റെ നിർമ്മാണത്തിന് കുറഞ്ഞത് 5.00 ലക്ഷം രൂപ ചെലവ് കണക്കാക്കുന്നു. ഇതിന്റെ 3:2 അനുപാതത്തിൽ യഥാക്രമം സാംസ്കാരിക വകുപ്പും തദ്ദേശഭരണ സ്ഥാപനങ്ങളും ചെലവ് വഹിക്കണമെന്നാണ് വിഭാവന ചെയ്യുന്നത്. ഈ വർഷം സാംസ്കാരിക വകുപ്പ് 50.00 ലക്ഷം രൂപ ഇതിനായി മാറ്റി വച്ച് 16

നാട്ടരങ്ങളുകൾ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നു. ഇതിന് തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതം വകയിരുത്താൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** ആദ്യഘട്ടമെന്ന നിലയിൽ ഒരു ജില്ലയിൽ ഒരെണ്ണം ആരംഭിക്കാൻ അനുമതി നൽകുന്നു. അനുയോജ്യ മായ സ്ഥലത്ത് ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിന് മുകളിൽ പറഞ്ഞ അനുപാത ത്തിൽ തുക ചെലവഴിക്കാവുന്നതാണ്

നടപടി:-തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്

**4.21 കഠിനംകുളം ഗ്രാമപഞ്ചായത്ത്**

**തിരുവനന്തപുരം ജില്ലാകളക്ടറുടെ 06.08.2018-ലെ Plg, 220/18-19 DPC-DPO/തിരു. CC നമ്പർ കത്തും കഠിനംകുളം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 02.08.2018-ലെ A2-6378/18-ാം നമ്പർ കത്തും. (SRG/610/18)**

ലോകബാങ്ക് വിഹിതം ഉപയോഗിച്ച് താഴെപ്പറയുന്ന രണ്ട് പ്രോജക്ടുകൾ 2017-18-ൽ നടപ്പാക്കി. ഇവയുടെ ബിൽ ക്യൂ ലിസ്റ്റിൽ ഉൾപ്പെട്ടു. ഈ വർഷം ലോക ബാങ്ക് വിഹിതം ഇല്ലാത്തതിനാൽ തനതു ഫണ്ട് ഉപയോഗിച്ച് ബിൽ തുക നൽകാൻ അനുമതി സംബന്ധിച്ച്.

1) പ്രോ.നം. 51/18 - പഞ്ചായത്ത് ഫ്രണ്ട് ഓഫീസ് നവീകരണം അടങ്കൽ 42,21,625/രൂപ
2) പ്രോ.നം.52/18 ഡി അഡിക്ഷൻ സെന്റർ/റിഹാബിലിറ്റേഷൻ സെന്റർ നിർമ്മാണം പുതുക്കുറിച്ചി പി.എച്ച്.സി - അടങ്കൽ 28,20, 623/- രൂപ

**തീരുമാനം :-** അനുമതി നൽകുന്നു

നടപടി:-തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്

**4.22 മലപ്പുറം ജില്ലാ പഞ്ചായത്ത്**

**മലപ്പുറം ജില്ലാകളക്ടറുടെ 02.08.2018-ല -ലെ 400/2018-19 DPC-DPO/MPM നമ്പർ കത്തും മലപ്പുറം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 24.07..2018-ലെ G3-2918/18-ാം നമ്പർ കത്തും (SRG/573/18)**

മലപ്പുറം ജില്ലാ പഞ്ചായത്ത് 2018-19 വാർഷിക പദ്ധതിയിൽ '' നിലമ്പൂർ മഹിള ശിക്ഷൺ കേന്ദ്രത്തിന് ഫർണിച്ചർ വാങ്ങൽ പദ്ധതി'' (പ്രോ.നം.1051/18 അടങ്കൽ 4.00 ലക്ഷം രൂപ - റ്റി.എസ്.പി) എന്ന പ്രോജക്ട് ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ സ്ഥാപനം NGO ആയതിനാലും സ്ഥാപനം നിലമ്പൂർ മുനിസിപ്പൽ പ്രദേശത്തായ തിനാലും പ്രത്യേക അനുമതി നൽകണമെന്നതു സംബന്ധിച്ച്

**അഭിപ്രായക്കുറിപ്പ് :-** NGO യ്ക്ക് ഇപ്രകാരം സഹായം നൽകാവുന്നതല്ല. അനുമതി നിരസിച്ചു.

നടപടി:-തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്

**4.23 കേരള ഗാന്ധി സ്മാരക നിധി സെക്രട്ടറിയുടെ 30.05.2018-ലെ കത്ത് (SRG/374/18)**

മാർഗ്ഗരേഖ പ്രകാരം ഖാദി സ്ഥാപനങ്ങൾക്ക് ധനസഹായം അനുവദിക്കുന്നത് ഖാദി ബോർഡിൽ രജിസ്റ്റർ ചെയിതിട്ടുള്ള സഹകരണ സംഘങ്ങൾക്കും ബോർഡ് നേരിട്ട് നടത്തുന്ന യൂണിറ്റുകൾക്കുമാണ്. ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന കേരള ഗാന്ധി സ്മാരക നിധി അടക്കമുള്ള സ്ഥാപനങ്ങൾക്കും ധനസഹായം നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** കേരള ഗാന്ധി സ്മാരക നിധി വിശദമായ പ്രോജക്ട് സമർപ്പിക്കുന്ന മുറയ്ക്ക് മാർഗ്ഗരേഖയിലെ മറ്റ് മാനദണ്ഡങ്ങൾ പാലിക്കണമെന്ന നിബന്ധനയോടെ അനുമതി നൽകുന്നു.

നടപടി:-തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

**4.24 വാത്തിക്കുടി ഗ്രാമപഞ്ചായത്ത്**

**ഇടുക്കി ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 06.08.2018-ലെ 370/18/DPC/DPO/IDK നമ്പർ കത്തും വാത്തിക്കുടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 30.03.2018-ലെ A2-301/17-ാം നമ്പർ കത്തും (SRG/612/18)**

ഈ വർഷം '' ചാണകം ഉണക്കിപ്പൊടിക്കുന്ന മെഷ്യൻ വാങ്ങി നൽകൽ'' എന്ന പ്രോജക്ട് (പ്രോ.നം. 143/18 അടങ്കൽ - വികസനഫണ്ട് 10.00 ലക്ഷം രൂപ, ഗുണഭോക്തൃ വിഹിതം 5.00 ലക്ഷം രൂപ, ശുചിത്വ മിഷൻ 2.00 ലക്ഷം രൂപ, കുടുംബശ്രീ മിഷൻ 3.00 ലക്ഷം രൂപ, ആകെ 20.00 ലക്ഷം രൂപ) നൂതന പ്രോജക്ടായി ഉൾപ്പെടുത്തിയിട്ടുണ്ട്. ജില്ലാതല കമ്മിറ്റി ഇതിന് അംഗീകാരം നൽകിയിട്ടുണ്ടെങ്കിലും മാർഗ്ഗരേഖയിൽ ഇത് ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ പ്രത്യേക അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** കുടുംബശ്രീ, ശുചിത്വ മിഷൻ വിഹിതം ഇതിനു ലഭിക്കില്ല എന്നതിനാൽ മറ്റ് സ്രോതസ്സുകളിൽ നിന്നും തുക കണ്ടെത്തണമെന്ന നിബന്ധനയോടെ അനുമതി നൽകുന്നു.

നടപടി:-തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

**4.25 മാവേലിക്കര നഗരസഭ**

**ആലപ്പുഴ ജില്ലാ കളക്ടറുടെ 06.08.2018-ലെ 2895/2018/ DPC/DPO/ALP നമ്പർ കത്തും മാവേലിക്കര നഗരസഭാ സെക്രട്ടറിയുടെ 01.08.2018-ലെ P-6269/16-ാം നമ്പർ കത്തും. (SRG/613/18)**

2018-19 വാർഷിക പദ്ധതിയിൽ എൽ.ഇ.ഡി. ലാമ്പുകൾ സ്ഥാപിക്കുന്നതിന് 8.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. (പ്രോ.നം. 121/19, വിഹിതം CFC) തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണികൾക്ക് പ്രോജക്ട് ഏറ്റെടുത്തിരുന്നില്ല. തനത് ഫണ്ട് കുറവായതിനാൽ LED ലാമ്പുകൾ സ്ഥാപിക്കുന്നതിനുള്ള പ്രോജക്ട് ഒഴിവാക്കി തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണി എന്ന പ്രോജക്ട് ഏറ്റെടുക്കാൻ അനുമതി സംബന്ധിച്ച് .

**തീരുമാനം :-** തനത് ഫണ്ട് ലഭ്യമല്ല എന്ന് മുനിസിപ്പൽ സെക്രട്ടറി സാക്ഷ്യപത്രം നൽകണമെന്ന നിബന്ധനയോടെ അനുമതി നൽകുന്നു

നടപടി:-തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്

**4.26 കണ്ണൂർ ജില്ലാ കളക്ടറുടെ 25.07.2018-ലെ 860/18/CC /DPC/DPO/Kannur നമ്പർ കത്ത് പ്രകാരം നൽകിയിരിക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഷയങ്ങൾ (SRG/536/18)**

**(i) കണ്ണൂർ ജില്ലാ പഞ്ചായത്ത്**

**കണ്ണൂർ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 31.05.2018-ലെ A4-1224/18-ാം നമ്പർ കത്ത്**

കണ്ണൂർ ജില്ലാ പഞ്ചായത്ത് 2004-05 മുതൽ 2012-13 വരെയുള്ള കാലഘട്ടത്തിൽ 'ആറളം, നടുവിൽ, മയ്യിൽ പ്രീ-മെട്രിക് ഹോസ്റ്റൽ നിർമ്മാണം' എന്ന പ്രോജക്ട് നടപ്പാക്കിയിരുന്നു. ( 3 ഹോസ്റ്റലുകൾ) ആകെ ചെലവ് 1,59,88,043/- രൂപ. ഇത് ജില്ലാ പഞ്ചായത്തിന്റെ ചുമതലയല്ലാത്തതിനാൽ ഓഡിറ്റ് കുറിപ്പെഴുതിയിരിക്കുന്നു. അതിനാൽ സാധൂകരണം നൽകണമെന്നതു സംബന്ധിച്ച് .

**തീരുമാനം :-** ഓഡിറ്റ് കുറിപ്പിന്മേലുള്ള വിഷയമായതിനാൽ വകുപ്പുതലത്തിൽ തീരുമാനമെടുക്കാൻ നിർദ്ദേശിക്കുന്നു.

നടപടി:-തദ്ദേശസ്വയംഭരണ (എ.ബി) വകുപ്പ്

**(ii) ഉളിക്കൽ ഗ്രാമപഞ്ചായത്ത്**

**ഉളിക്കൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 27.06.2018-ലെ A3-7838/18-ാം നമ്പർ കത്ത്**

2017-18-ൽ 38.00 ലക്ഷം രൂപ വകയിരുത്തി പൊയ്യൂർക്കരി പൊതു ശ്മശാനത്തിന് ഗ്യാസ് പ്ലാന്റും അനുബന്ധ സൗകര്യങ്ങളും ഏർപ്പെടുത്തുന്നതിന് പ്രോജക്ട് തയ്യാറാക്കിയിരുന്നു. പ്രോ.നം. 126/18. ഈ പ്രോജക്ടിന് ജില്ലാ പഞ്ചായത്ത് 19.00 ലക്ഷം രൂപയും ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി 9.50 ലക്ഷം രൂപയും ലഭിച്ചു. ഈ തുക ഇരിട്ടി സബ് ട്രഷറി STSB-അക്കൗണ്ടിൽ നിക്ഷേപിച്ചു. ഈ പ്രോജക്ട് 2018-19, 2019-20 വർഷം ബഹുവർഷ പ്രോജക്ടായി തുടരാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനായി STSB-യിൽ സൂക്ഷിച്ചിരിക്കുന്ന ജില്ലാ / ബ്ലോക്ക് പഞ്ചായത്ത് വിഹിതം ഉപയോഗിക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** ഇത് ധനവകുപ്പിന്റെ പരിഗണനയ്ക്ക് നൽകേണ്ടതാണ്.

നടപടി:-1) തദ്ദേശസ്വയംഭരണ( ഡി.ഡി) വകുപ്പ്

2) സെക്രട്ടറി ഉളിക്കൽ ഗ്രാമപഞ്ചായത്ത്

(iii) പാനൂർ ബ്ലോക്ക് പഞ്ചായത്ത്

(കണ്ണൂർ പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ 05.07.2018-ലെ കത്ത്)

2018-19-ൽ ടെക്നോളജി ഗ്രാമം എന്ന പ്രോജക്ട് (പ്രോ.നം.29/18) നൂതന പ്രോജക്ടായി ഉൾപ്പെടുത്തിയിരുന്നു. ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഘടകങ്ങൾ മാർഗ്ഗരേഖയിൽ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ പ്രത്യേക അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** പ്രോജക്ടിന്റെ വിശദാംശങ്ങൾ നൽകിയിട്ടില്ലാത്ത തിനാൽ പരിഗണിച്ചില്ല.

നടപടി:-തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്

(iv) കാങ്കോൽ- ആലപ്പടമ്പ് ഗ്രാമപഞ്ചായത്ത്

കാങ്കോൽ - ആലപ്പടമ്പ് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 07.07.2018-ലെ A3-1579/18-ാം നമ്പർ കത്ത്

2018-19 വർഷം ''വലിയചാൽ സ്കൂളിന് ചുറ്റുമതിൽ'' എന്ന പ്രോജക്ട് ഏറ്റെടുത്തിട്ടുണ്ട്. (പ്രോ.നം. 39/19, ധനകാര്യ കമ്മീഷൻ ഗ്രാന്റ് 8,00,000/- രൂപ. നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ് 11,50,000/- രൂപ, ആകെ 19,50,000/-) ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉൾപ്പെടുത്തിയതിനാൽ ജില്ലാ ആസൂത്രണസമിതി അംഗീകരിച്ചില്ല. കോഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതി സംബന്ധിച്ച് .

**തീരുമാനം :-** അനുമതി നൽകുന്നു.

നടപടി:-തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

4.27 എറണാകുളം ജില്ലാ കളക്ടറുടെ 02.08.18 ലെ 59037/18/DPO/EKM നമ്പർ കത്ത് (SRG/574/18)

(i) ചെങ്ങമനാട് ഗ്രാമപഞ്ചായത്ത്

ചെങ്ങമനാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 18.05.18 ലെ A4-1538/18 –ാം നമ്പർ കത്തും 12.06.18 ലെ 1(6)-ാം നമ്പർ ഭരണസമിതി തീരുമാനവും.

2018-19ൽ ഗ്രാമപഞ്ചായത്തിന്റെ പ്രധാന ജംഗ്ഷനുകളിൽ നിരീക്ഷണക്യാമറകൾ സ്ഥാപിക്കാനുള്ള പ്രോജക്ട് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. (പ്രോ.നം.130/18- അടങ്കൽ 5.00 ലക്ഷം രൂപ – തനതുഫണ്ട്) CCTV ക്യാമറ പോലീസ് സ്റ്റേഷനുമായി ബന്ധിപ്പിക്കാനും ഉദ്ദേശിക്കുന്നു. പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** ഇതു സംബന്ധിച്ച് ബന്ധപ്പെട്ട പോലീസ് CI/SI-യുടെ റിപ്പോർട്ട് സഹിതം സമർപ്പിക്കണം. പിന്നീട് പരിഗണിക്കും.

നടപടി:-തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

(ii) <u>**വടക്കേക്കര ഗ്രാമപഞ്ചായത്ത്**</u>

**വടക്കേക്കരഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 24.07.2018 ലെ** A3-3342/2017-ാം **നമ്പർ കത്ത്.**

(A) പഞ്ചായത്തിലെ കുഞ്ഞിത്തൈ പട്ടികജാതി കോളനിയിലെ ഭവന നിർമ്മാണത്തിന് ധനസഹായം ലഭിച്ച ഗുണഭോക്താവായ വിനോദിന്റെ ഭാര്യ രാജിക്ക് ഭവന നിർമ്മാണ്ത്തിന് ആനുപാതികമായ വർദ്ധനവ് നൽകണമെന്ന് ഓംബുഡ്സ്മാൻ 20.04.18 ൽ ഉത്തരവായി (പരാതി നമ്പർ 1362/2016) ഉത്തരവുപ്രകാരമുള്ള ധനസഹായം ഇവർക്ക് നൽകാൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** ഓംബുഡ്സ്മാന്റെ ഉത്തരവനുസരിച്ച് ധനസഹായം നൽകാൻ അനുമതി നൽകുന്നു

നടപടി:-തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്

(B) ഇതേ കാലയളവിൽ 12 പേർക്കു കൂടി ധനസഹായം നൽകിയിരുന്നു. ഇവർക്കുകൂടി ആനുപാതിക വർദ്ധനവ് നൽകാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** ഇനി പൂർത്തീകരിക്കാനുള്ള നിർമ്മാണത്തിന് ആനുപാതിക വർദ്ധനവ് നൽകാൻ അനുമതി നൽകുന്നു

നടപടി:-തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്

(iii) <u>**ചെങ്ങമനാട് ഗ്രാമപഞ്ചായത്ത്**</u>

**ചെങ്ങമനാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 18.05.18 ലെ** A4-1538/18-ാം **നമ്പർ കത്ത്.**

പഞ്ചായത്തിലെ തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനുള്ള കരാറിന്റെ കാലാവധി 01.01.17 ന് അവസാനിച്ചു. പുതിയ ടെണ്ടർ വിളിക്കാൻ കാലതാമസം വന്നതിനാൽ ടെണ്ടർ കാലാവധി അവസാനിച്ച കരാറുകാരനെ കൊണ്ടുതന്നെ 01.01.2017 മുതൽ 19.10.2017- തീയതിവരെ തെരുവുവിളക്കു പരിപാലനം നടത്തി. ഈ കരാറുകാരന് തുക നൽകാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നിരസിച്ചു. പത്ത്മാസം ടെണ്ടർ കൂടാതെ തെരുവുവിളക്കിന്റെ അറ്റകുറ്റപ്പണി നടത്തിയ നടപടി ക്രമവിരുദ്ധമാണ്. ഇതിന്മേൽ വകുപ്പുതലത്തിൽ നടപടി സ്വീകരിക്കാൻ നിർദ്ദേശിക്കുന്നു.

നടപടി:-തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

(iv) <u>**ചെങ്ങമനാട് ഗ്രാമപഞ്ചായത്ത്**</u>

**ചെങ്ങമനാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 18.05.18 ലെ** A4-1538/18-ാം **നമ്പർ കത്ത്.**

2018-19 വർഷം മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ലാപ് ടോപ്, മത്സ്യതൊഴിലാളികൾക്ക് മോട്ടോർ സൈക്കിളും ഐസ്ബോക്സും

നൽകുന്നതിനുള്ള പ്രോജക്റ്റുകൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പ്രോജക്റ്റ് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** പ്രോജക്ടിന്റെ വിശദാംശങ്ങൾ നൽകിയിട്ടില്ല. ഇവ സഹിതം സമർപ്പിക്കുന്ന മുറയ്ക്ക് പിന്നീട് പരിഗണിക്കുന്നതാണ്

നടപടി:-തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

**(V)പറവൂർ ബ്ലോക്ക് പഞ്ചായത്ത്**

**പറവൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 05.07.2018-ലെ കത്ത്**

2017-18-ൽ പറവൂർ ബ്ലോക്ക് പഞ്ചായത്ത് ചേന്ദമംഗലം ഗ്രാമപഞ്ചായത്തിൽ പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റും ബെയിലിംഗ് യൂണിറ്റും സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഈ യൂണിറ്റിന് ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് വാങ്ങേണ്ടതുണ്ട്. വാണിജ്യാവശ്യത്തിനുള്ള സ്ഥാപനമല്ലാത്തിതിനാൽ ലൈസൻസിൽ നിന്ന് ഒഴിവാക്കണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** ഇത് പരിശോധിച്ച് അടിയന്തിരമായി വകുപ്പുതലത്തിൽ തീരുമാനമെടുക്കാൻ നിർദ്ദേശിക്കുന്നു.

നടപടി:-തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്

**(6)പറവൂർ ബ്ലോക്ക് പഞ്ചായത്ത്**

**പറവൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 06.06.2018-ലെ കത്ത്**

ബ്ലോക്ക് പഞ്ചായത്ത് നടത്തുന്ന പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റിന്റെ ദൈനംദിന പ്രവർത്തനത്തിന് വയബിലിറ്റി ഗ്യാപ് ഫണ്ട് വയ്ക്കുന്നതിന് അനുമതി സംബന്ധിച്ച്

**തീരുമാനം :-** ഷ്രെഡ്ഡിംഗ് യൂണിറ്റിന്റെ വരവും ചെലവും പരിശോധിച്ച് വിശദാംശങ്ങൾ ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ റിപ്പോർട്ട് നൽകണം. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കും.

നടപടി:-തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്

**4.28 പത്തനംതിട്ട ജില്ലാ സാമൂഹ്യനീതി ഓഫീസറുടെ 13.07.2018-ലെ P1-JP316/18-19 -ാം നമ്പർ കത്ത് (SRG/555/18)**

പത്തനംതിട്ട ജില്ലാ പഞ്ചായത്ത് 2018-19-ൽ കോക്ലിയർ ഇംപ്ലാന്റേഷന് ശേഷമുള്ള കേൾവി സഹായികളും മറ്റും നൽകുന്നതിന് പട്ടികജാതി വിഭാഗങ്ങൾക്കായി 30.00 ലക്ഷം രൂപയും പൊതു വിഭാഗത്തിന് 15.00 ലക്ഷം രൂപയും ഉൾപ്പെടുത്തി പ്രോജക്റ്റ് തയ്യാറാക്കിയിട്ടുണ്ട്. (പ്രോ.നം. 316/19, 317/19) ഈ പ്രോജക്റ്റ് നടപ്പാക്കാൻ താഴെപ്പറയുന്ന സ്പഷ്ടീകരണം നൽകണമെന്നതിനോടൊപ്പം ആവശ്യമായ വിഷയങ്ങളിൽ തീരുമാനവും എടുക്കണമെന്നതു സംബന്ധിച്ച്.

1) കോക്ലിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ നടത്തിയ ഹോസ്പിറ്റൽ ഏത് വിഭാഗത്തിൽപ്പെട്ടത് (സർക്കാർ/പ്രൈവറ്റ്) എന്നു വ്യക്തമാക്കണം.

2) ഗുണഭോക്താവ് കുട്ടികൾ എന്ന് മാർഗ്ഗരേഖയിൽ പറയുന്നുണ്ടെങ്കിലും പ്രായപരിധി നിശ്ചയിച്ച് നൽകണം
3) APL/BPL എന്നോ വരുമാന പരിധിയോ നിശ്ചയിക്കണം
4) കോക്ലിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ കഴിഞ്ഞ കുട്ടികൾക്ക് വിവിധ കമ്പനികളുടെ ഉപകരണങ്ങളാണ് ശസ്ത്രക്രിയ വഴി തലയ്ക്കുള്ളിൽ ഘടിപ്പിച്ചിരിക്കുന്നത്. ഇതേ കമ്പനിയുടെ ഉപകരണം തന്നെയാണ് ബാഹ്യഭാഗത്തും ഘടിപ്പിച്ചിട്ടുള്ളത്. ആയതിനാൽ ഉപകരണം repair ആയാൽ ഇതേ കമ്പനിയുടെ പാർട്സ് മാത്രമേ ഉപയോഗിക്കാൻ കഴിയുകയുള്ളൂ. ഉപകരണങ്ങൾ മിക്കതും വിദേശ നിർമ്മിതങ്ങളാണ്. നിലവിലെ മാർഗ്ഗരേഖ പ്രകാരം ഉപകരണങ്ങൾ വികലാംഗ ക്ഷേമ ബോർഡിൽ നിന്നോ മറ്റ് സർക്കാർ ഏജൻസികളിൽ നിന്നോ വാങ്ങാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. വിദേശ നിർമ്മിതമായതും വ്യത്യസ്ത കമ്പിനികളുടേതുമായ ഉപകരണങ്ങൾ വാങ്ങേണ്ടി വരുന്നതിനാൽ കോക്ലിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ സംബന്ധിച്ച് മുൻപരിചയമുള്ള കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേനയോ NISH മുഖേനയോ വാങ്ങുന്നത് പദ്ധതി തടസ്സം കൂടാതെ പൂർത്തീകരിക്കുന്നതിന് അനുയോജ്യമായിരിക്കും എന്നതിനാൽ ഈ രണ്ട് ഏജൻസികളെ കൂടി ഇത്തരം ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ഏജൻസിയായി മാർഗ്ഗേരേഖയിൽ ഉൾപ്പെടുത്തണം
5) ഇത്തരം ഉപകരണങ്ങളുടെ പ്രധാന ഭാഗങ്ങൾക്ക് ഏകദേശം 7.00 ലക്ഷം രൂപ വരെ ചെലവുള്ളതാണ്. ഇത്രയും അധികം തുക വ്യക്തിഗത ആനുകൂല്യം നൽകുന്നത് സംബന്ധിച്ച് കൂടി മാർഗ്ഗരേഖയിൽ വ്യക്തത വരുത്തണം

**തീരുമാനം :-** (i) ഇതിന്മേൽ (ക്രമനമ്പർ 3 ഒഴിച്ച്) NISHന്റെ കൂടി അഭിപ്രായമാരാഞ്ഞ് റിപ്പോർട്ട് നൽകാൻ സാമൂഹ്യനീതി ഡയറക്ടറെ ചുമതലപ്പെടുത്തുന്നു.. റിപ്പോർട്ടിന്റെ കൂടി അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കും.

(ii) BPL/APL എന്നു നിശ്ചയിക്കുന്നതിനു പകരം വരുമാന പരിധി പൊതു വിഭാഗത്തിന് 2.00 ലക്ഷം, എസ്.സി. വിഭാഗത്തിന് 3.00 ലക്ഷം എന്ന മാർഗ്ഗരേഖയിലെ മാനദണ്ഡം പാലിക്കേണ്ടതാണ്.

നടപടി:-തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

## 4.29 കടനാട് ഗ്രാമപഞ്ചായത്ത്

**കോട്ടയം ജില്ലാ കളക്ടറുടെ 01.08.2018-ലെ 490/18/DPC/DPO/KTM നമ്പർ കത്തും കടനാട് ഗ്രാമപഞ്ചായത്തിന്റെ 17.07.2018-ലെ 27-ാം നമ്പർ ഭരണസമിതി തീരുമാനവും (SRG/576/18)**

പഞ്ചായത്തിലെ കൊല്ലമ്പള്ളി വാർഡിലെ ടോമി തോമസ് കണ്ടത്തിൽ എന്നയാളുടെ നിലവിലെ കക്കൂസ് ഉപയോഗശൂന്യമായതിനാൽ പുതിയ കക്കൂസ് നിർമ്മിച്ചു നൽകുവാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** ജില്ലാആസൂത്രണ സമിതി തലത്തിൽ പരിഹരിക്കേണ്ട ഇത്തരം വിഷയങ്ങൾ കോഓർഡിനേഷൻ കമ്മിറ്റി യിലേയ്ക്ക് നൽകേണ്ടതില്ലായെന്ന് നിർദ്ദേശിക്കുന്നു.

നടപടി:-തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

## 4.30 പരപ്പനങ്ങാടി നഗരസഭ

**മലപ്പുറം ജില്ലാ കളക്ടറുടെ 03.08.2018-ലെ 400/2018-9/ DPC/DPO/MPM നമ്പർ കത്തും പരപ്പനങ്ങാടി നഗരസഭ സെക്രട്ടറിയുടെ 31.07.2018-ലെ A2-15689/2017-ാം നമ്പർ കത്തും (SRG/595/18)**

2017-18-ൽ മത്സ്യ തൊഴിലാളികളുടെ മക്കൾക്ക് പഠനോപകരണങ്ങൾ വാങ്ങുന്നതിന് പ്രോജക്ട് ഉൾപ്പെടുത്തിയിരുന്നു. (പ്രോ.നം. 161/17) ഈ പ്രോജക്ട് 2018-19-ൽ സ്പിൽ ഓവറായി ഉൾപ്പെടുത്തിയെങ്കിലും ഡാറ്റാഎൻട്രി നടത്താൻ കഴിയുന്നില്ല. ഈ പ്രോജക്ടിൽ 4.00 ലക്ഷം രൂപ ചെലവഴിച്ചതായി കാണിച്ചിരിക്കുന്നു. ഈ തുകയുടെ പേയ്മെന്റ് 28.07.2018-ൽ റദ്ദു ചെയ്തതാണ്. ഈ പ്രോജക്ടിന്റെ ഡാറ്റാഎൻട്രി ചെയ്യാനും റദ്ദാക്കിയ പേയ്മെന്റ് ചെലവഴിച്ചതായി കാണിച്ചിരിക്കുന്ന പിശകു പരിഹരിക്കാൻ നടപടി സ്വീകരിക്കണ മെന്നാവശ്യപ്പെട്ടിരിക്കുന്നു.

**തീരുമാനം :-** ഇത് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കാൻ ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടു ത്തുന്നു

നടപടി:-തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്

## 4.31 പഞ്ചായത്ത് ഡയറക്ടറുടെ 17.07.2018-ലെ J2-25053/16-ാം നമ്പർ കത്ത് (SRG/497/18)

ലൈഫ് പദ്ധതി പ്രകാരം വീടുകൾ നിർമ്മിക്കുമ്പോൾ കല്ല്, കട്ട, സിമെന്റ് , കമ്പി, മെറ്റൽ എന്നിവ വീടിന്റെ സൈറ്റിലേയ്ക്ക് ചുമന്നു കൊണ്ടുപോകാൻ ഭാരിച്ച ചെലവു വരുന്നു. അതിനാൽ ആ സാധനങ്ങൾ ചുമന്ന് സൈറ്റിലെത്തിക്കുന്നതിനുള്ള ചെലവ് MGNREGS പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിക്കണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** ഇവ MGNREGS പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതല്ല എന്ന് MGNREGS പ്രതിനിധി അറിയിച്ചു. അതിനാൽ ആവശ്യം നിരസിച്ചു.

നടപടി:-തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്

## 4.32 കുടുംബശ്രീ ഡയറക്ടറുടെ 12.06.2018-ലെ 7959/D/2016/KSHO നമ്പർ കുറിപ്പ് (SRG/617/18)

നിലവിൽ നഗരസഭയുടെ തെരുവുകൾ ശുചീകരിക്കുന്നതിന് ദിവസ വേതനാടി സ്ഥാനത്തിലാണ് ആളുകളെ നിയമിച്ചിരിക്കുന്നത്. ഇതിന് പകരം താഴെപ്പറയുന്ന രീതി പരിഗണിക്കണമെന്നതു സംബന്ധിച്ച് .

(i) നഗരസഭാ പ്രദേശങ്ങളിലെ റോഡുകൾ വൃത്തിയാക്കുന്നതിനും മാലിന്യം ശേഖരിച്ച് നൽകുന്നതിനുമുള്ള ചുമതല ടെണ്ടർ നടപടികൾ കൂടാതെ കുടുംബശ്രീക്ക് നൽകാൻ നഗരസഭയ്ക്ക് അനുമതി നൽകണം.

(ii) ഇതിനുള്ള തുക തദ്ദേശഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ട്/ വികസന ഫണ്ടിലെ ശുചീകരണ മേഖലയിലുള്ള ഫണ്ടിൽ നിന്നും വിനിയോഗിക്കുന്നതിന് അനുമതി നൽകണം.

**തീരുമാനം :-** ആവശ്യം പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

നടപടി:-തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്

## 4.33 എടയ്ക്കാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 08.06.2018-ലെ C -2448/17-ാം നമ്പർ കത്ത് (LSGD-DD2/344/2018-LSGD) (SRG/344/18)

2018-19-ലെ വാർഷിക പദ്ധതിയിൽ ആദ്യഘട്ടത്തിൽ ഉൾപ്പെടുത്തിയിരുന്ന 10 പ്രോജക്ടുകൾ ഒഴിവാക്കുന്നതിനും 6 പ്രോജക്ടുകൾ ഭേദഗതി ചെയ്യുന്നതിനും അനുമതി സംബന്ധിച്ച് .

**തീരുമാനം :-** കത്തിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാരണങ്ങൾ പ്രോജക്ടുകൾ ഒഴിവാക്കുന്നതിനും ഭേദഗതി ചെയ്യുന്നതിനും മതിയായതാണ് എന്ന് യോഗം വിലയിരുത്തി. അതിനാൽ ഇവ വീണ്ടും പരിശോധിച്ച് ഉചിത തീരുമാനമെടുക്കാൻ കണ്ണൂർ ജില്ലാ ആസൂത്രണ സമിതിയേയും ജില്ലാ പ്ലാനിംഗ് ഓഫീസറേയും ചുമതലപ്പെടുത്തി

നടപടി:-തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്

## 4.34 കുടുംബശ്രീ ഡയറക്ടറുടെ 23.07.2018-ലെ 6781/D/2018/KSHO- നമ്പർ കത്ത്

കുടുംബശ്രീ വനിതകളുടെ നേതൃത്വത്തിൽ താഴെപ്പറയുന്ന ജില്ലകളിലായി എൽ.ഇ.ഡി. ബർബ് നിർമ്മാണ യൂണിറ്റും സ്ട്രീറ്റ് ലൈറ്റ് റിപ്പയറിംഗ് യൂണിറ്റും ആരംഭിച്ചിട്ടുണ്ട്. ടെണ്ടർ കൂടാതെ ഈ നിർമ്മാണ യൂണിറ്റുകളിൽ നിന്ന് എൽ,ഇ.ഡി. ബൾബ് വാങ്ങുന്നതിനും സ്ട്രീറ്റ് ലൈറ്റ് റിപ്പയറിംഗിന് ഈ യൂണിറ്റുകളെ എൽപ്പിക്കുന്നതിനും അനുമതി നൽകണമെന്നതു സംബന്ധിച്ച്.

| ക്രമ നം | ജില്ല | യൂണിറ്റിന്റെ പേര് | അംഗങ്ങളുടെ എണ്ണം | ഒരു മാസത്തെ ഉത്പാദനശേഷി |
|---|---|---|---|---|
| 1 | തിരുവന്തപുരം | നവജീവൻ | 5 | 1500 |
| | | നന്ദിയോട് | | |
| | | സിഡിഎസ് | | |

| | | | | |
|---|---|---|---|---|
| | | അക്ഷയം കരകുളം സി.ഡി.എസ്. | 10 | 2000 |
| | | ചിറ്റല്ലൂർ കോർപ്പ് സി.ഡി.എസ് - 2 | 7 | 1500 |
| 2 | കൊല്ലം | ജി.എസ്. ഇൻഡസ്ട്രീസ് വെട്ടിക്കവല | 1 | 1875 |
| 3 | പത്തനംതിട്ട | ടീജ ലൈറ്റ് വർക്ക് | 5 | LED 12500 Tube 1250 |
| 4 | കോട്ടയം | വർണ്ണം എൽ.ഇ.ഡി. ബൾബ്, കുറവിലങ്ങാട് | 5 | LED 12500 |
| 5 | എറണാകുളം | എയ്ഞ്ചൽ എൽ.ഇ.ഡി. ബൾബ് പന്മന | 1 | 1650 |
| | | കൃപ വയോജന അയൽക്കൂട്ടം ഉദയംപേരൂർ | 5 | 1250 |
| 6 | തൃശ്ശൂർ | ഒറിയോൺഎൽ.ഇ.ഡി. യൂണിറ്റ് മാള | 12 | 10000 |
| 7 | വയനാട് | സ്റ്റാഴ് സ് | 5 | 3000 |
| 8 | | ഫ്രഡ്സ് | 5 | 3000 |
| 9 | കാസർഗോഡ് | ഗ്രാമകിരണം | 23 | 5000 |
| 10 | കോഴിക്കോട് | ഷൈൻ സ്റ്റാർ എൽ.ഇ.ഡി. ബൾബ് | 10 | 2000 |
| 11 | കോഴിക്കോട് | പയ്യോളി ഡെലൈറ്റ് പ്രോഡക്റ്റ് | 10 | 3000 |

**തീരുമാനം :-** (i) ഓരോ സ്ഥാപനത്തിന്റേയും ഉല്പന്നത്തിന്റെ സാമ്പിളിന്റെ ഗുണനിലവാരം സംബന്ധിച്ച് സർക്കാർ എഞ്ചിനീയറിംഗ് കോളേജിലെ ഇലക്ട്രിക്കൽ വിഭാഗത്തിന്റേയോ, മറ്റ് സർക്കാർ വകുപ്പിന്റേയോ സാക്ഷ്യപത്രം വാങ്ങണം എന്ന നിബന്ധനയോടെ ഉല്പന്നങ്ങൾ വാങ്ങാൻ അനുമതി നൽകുന്നു

(ii) സ്ട്രീറ്റ് ലൈറ്റ് റിപ്പയറിംഗ് പോസ്റ്റുകളിൽ കയറിയാണ് നടത്താൻ ഉദ്ദേശിക്കുന്നതെന്ന് യോഗം നിരീക്ഷിച്ചു. ലൈസൻസ് അടക്കമുള്ള നിബന്ധനകൾ പാലിച്ച് സർക്കാർ നിർദ്ദേശിച്ച നിരക്ക് പാലിക്കണമെന്ന നിബന്ധനയോടെ അനുമതി നൽകുന്നു.

നടപടി:-തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്

4.35 വനിത ശിശു വികസന ഡയറക്ടറുടെ 21.07.2018-19 ICDS - B5/17718/18-ാം നമ്പർ കത്ത്

അങ്കണവാടികൾക്ക് സ്ഥലം വാങ്ങുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകണമെന്നും അതിനുള്ള നിർദ്ദേശം നൽകണമെന്നതും സംബന്ധിച്ച്

**തീരുമാനം :-** മാർഗ്ഗരേഖ (ഖണ്ഡിക 7.8.2) പ്രകാരം സ്ഥലം വാങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

നടപടി:-തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പ്

4.36 വാഴക്കാട് ഗ്രാമപഞ്ചായത്ത്

മലപ്പുറം ജില്ലാകളക്ടറുടെ 02.08.2018-ലെ 400/2018-19/DPC/DPO/MPM നമ്പർ കത്ത്

(i) വാഴക്കാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 01.08.2018-ലെ A3-1207/18-ാം നമ്പർ കത്ത് (SRG/566/18)

2017-18-ലെ വാർഷിക പദ്ധതിയിലെ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടറിൽ അപാകത ഉണ്ടായതിനാൽ ടെണ്ടറുകൾ ഭരണസമിതി അംഗീകരിച്ചില്ല. ഇതിന്മേൽ കോൺട്രാക്ടർമാർ ബഹു. ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തു. ബഹു. ഹൈക്കോടതി പഞ്ചായത്തിന്റെ തീരുമാനം ശരിവച്ചു. ഇങ്ങനെയുള്ള 12 പ്രോജക്ടുകൾ വീണ്ടും ടെണ്ടർ ചെയ്തപ്പോൾ കാലതാമസമുണ്ടായതിനാൽ എഗ്രിമെന്റ് വയ്ക്കുന്നതിന് കഴിഞ്ഞില്ല. ഇവ 2018-19 സ്പിൽ ഓവറായി തുടരാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** 2018-19ലെ ബഡ്ജറ്റ് വിഹിതത്തിൽ നിന്ന് തുക കണ്ടെത്തണമെന്ന നിബന്ധനയോടെ സ്പിൽ ഓവറായി തുടരാൻ അനുമതി നൽകുന്നു

നടപടി:-തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

(ii) വാഴക്കാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 01.08.2018-ലെ A3-1207/18-ാം നമ്പർ കത്ത്

2017-18-വർഷം മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) പൂർണ്ണമായി ചെലവഴിച്ചതിനാൽ അവസാനം പൂർത്തിയായ 6 പ്രവൃത്തികൾക്ക് ബിൽ തുക നൽകാൻ കഴിഞ്ഞില്ല. ഇവയുടെ ആകെ അടങ്കൽ 4,45,855/- രൂപ . ഈ തുക അധികമായി അനുവദിക്കണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** ഇത്തരം വിഷയങ്ങൾ ധനവകുപ്പിന്റെ പരിഗണന യിലാണ്. തൽക്കാലം ഈ തുക 2018-19-ലെ വിഹിതത്തിൽ നിന്നും നൽകാൻ നിർദ്ദേശിക്കുന്നു

നടപടി:-തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്

(iii) വാഴക്കാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 01.08.2018-ലെ A3-1207/18-ാം നമ്പർ കത്ത്

പഞ്ചായത്ത് 2016-17 വർഷം 'തിരുവാലൂർ എടത്തൊട്ടിൽ ഇടവഴി കോൺക്രീറ്റിംഗ്' എന്ന പ്രോജക്ട് ഏറ്റെടുത്തിരുന്നു. (പ്രോ.നം. 81/18, അടങ്കൽ 2.00 ലക്ഷം രൂപ, വികസനഫണ്ട്) ഈ പ്രവൃത്തി ഗുണഭോക്തൃ സമിതി മുഖേന നടപ്പാക്കാനാണ് ഉദ്ദേശിച്ചിരുന്നത്. എന്നാൽ ഗുണഭോക്തൃ സമിതി കൺവീനറുമായി എഗ്രിമെന്റ് വയ്ക്കാൻ കഴിഞ്ഞില്ല. ഇത് ഗുണഭോക്തൃസമിതി

മുഖേന നടപ്പാക്കുന്ന രീതിയിൽ 2018-19-ൽ സ്പിൽ ഓവറായി തുടരാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** 2018-19-ലെ പദ്ധതി വിഹിതം ഉപയോഗിച്ച് സ്പിൽഓവറായി തുടരാൻ അനുമതി നൽകുന്നു. എന്നാൽ അടങ്കൽ 50,000/- രൂപയിൽ അധികമായതിനാൽ ഗുണഭോക്തൃ സമിതി വഴി ഈ പ്രോജക്ട് നടപ്പാക്കാവുന്നതല്ല .ടെണ്ടർ നടപടിക്രമം പാലിക്കണം.

നടപടി:-തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

**4.37 ബുധനൂർ ഗ്രാമപഞ്ചായത്ത്**

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 08.08.2018-ലെ 2895/2018/DPC/DPO/ALP നമ്പർ കത്തും ബുധനൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 08.08.2018-ലെ BDHNR/GP/P-679/18-ാം നമ്പർ കത്തും. (SRG/622/18)**

പഞ്ചായത്ത് 2018-18 വാർഷിക പദ്ധതിയിലെ താഴെപ്പറയുന്ന പ്രോജക്ടുകൾ കൃഷി മേഖലയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

| പ്രോ.നം | പ്രോജക്ടിന്റെ പേര് | അടങ്കൽ |
|---|---|---|
| 1) 57/19 | ജൈവ പച്ചക്കറി കൃഷി - ജനറൽ | 4,99,920/- രൂപ |
| 2) 69/19 | ജൈവ പച്ചക്കറി കൃഷി - SCSP | 1,02,300/- രൂപ |
| 3) 61/19 | തെങ്ങ് കൃഷി വികസനം - ജനറൽ | 10,98,775/- രൂപ |
| 4) 62/19 | തെങ്ങ് കൃഷി വികസനം - SCSP | 3,00,000/- രൂപ |

ഈ പ്രോജക്ടുകളുടെ ഗുണഭോക്തൃ വിഹിതം കൃഷി ഭവനിൽ ശേഖരിച്ച് പച്ചക്കറിക്കാവശ്യമായ ജൈവവളവും തെങ്ങ് കൃഷിക്കാവശ്യമായ രാസവളവും ബുധനൂർ സർവ്വീസ് സഹകരണ ബാങ്ക് വളം ഡിപ്പോയിൽ നിന്ന് കൃഷി ഭവൻ നേരിട്ട് വാങ്ങി ഗുണഭോക്താക്കൾക്ക് നൽകാൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** വളത്തിന്റെ ഗുണനിലവാരം കൃഷി ഓഫീസർ ഉറപ്പാക്കേണ്ടതാണെന്ന നിബന്ധനയോടെ അനുമതി നൽകുന്നു.

നടപടി:-തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

**4.38 യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ 03.07.2018-ലെ നം/913/ 2018 - 19 -ാം നമ്പർ കത്തും കോഓർഡിനേഷൻ കമ്മിറ്റിയുടെ 07.09.2016 -ൽ നടന്ന കോഓർഡിനേഷൻ കമ്മറ്റിയുടെ 3.17 -ാം നമ്പർ തീരുമാനവും (LSGD/DA3/169/16/LSGD) (SRG/434/18)**

തദ്ദേശഭരണ സ്ഥാപനങ്ങൾക്കാവശ്യമായ എൽ.ഇ.ഡി. ലൈറ്റുകളും സ്പെയർ പാർട്സുകളും യുണൈറ്റഡ് ഇൻഡസ്ട്രീസ് ലിമിറ്റഡ് നിർമ്മിക്കുന്നുണ്ട്. തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് എൽ.ഇ.ഡി. ഉൾപ്പെടെയുള്ള തെരുവുവിളക്കുകൾ ടെണ്ടർ കൂടാതെ ഈ സ്ഥാപനത്തിൽ നിന്നു വാങ്ങാൻ 07.09.2016-ലെ കോഓർഡിനേഷൻ കമ്മിറ്റി അനുമതി നൽകിയിരുന്നു. ഈ തീരുമാനത്തിനുമേൽ സർക്കാർ ഉത്തരവുണ്ടാകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** കോഓർഡിനേഷൻ കമ്മിറ്റിയുടെ 07.09.2016-ലെ യോഗ തീരുമാനപ്രകാരം ടെണ്ടർ കൂടാതെ വാങ്ങാൻ

അനുമതി നൽകിയതാണ് എന്ന് യോഗം വിലയിരുത്തി സർക്കാർ ഏജൻസികൾ നിർമ്മിക്കുന്ന സാധനങ്ങൾ ടെണ്ടർ കൂടാതെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വാങ്ങാവുന്നതാണെന്ന് നിർദ്ദേശമുണ്ട്. അതിനാൽ ഇതനുസരിച്ച് ഉത്തരവു നൽകാൻ നിർദ്ദേശിക്കുന്നു.

നടപടി:-തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

**4.39 പള്ളിച്ചൽ ഗ്രാമപഞ്ചായത്ത്**

**തിരുവനന്തപുരം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 25.07.2018-ലെ plg.220/2018-19/DPC/DPO/തിരു.CC നമ്പർ കത്തും പള്ളിച്ചൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 17.07.2018-ലെ A1-6909/18-ാം നമ്പർ കത്തും 09.07.2018-ലെ V(2)-ാം നമ്പർ ഭരണസമിതി തീരുമാനവും (SRG/511/18)**

2018-19-ലെ വാർഷിക പദ്ധതിയിൽ 'ഓണം വാരാഘോഷം' എന്ന പേരിൽ പ്രോജക്ട് ഉൾപ്പെടുത്തിയിരുന്നുവെങ്കിലും ജില്ലാ ആസൂത്രണസമിതി അംഗീകരിച്ചില്ല. (പ്രോ.നം. 292/19- അടങ്കൽ 7.00 ലക്ഷം രൂപ, തനത് ഫണ്ട്) ബോട്ട് യാത്ര, വൈദ്യുത ദീപാലങ്കാരം, ഘോഷയാത്ര, സാസ്കാരിക സമ്മേളനം എന്നിവയാണ് പ്രോജക്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതിന് അനുമതി സംബന്ധിച്ച്

**തീരുമാനം :-** അനുമതി നിരസിച്ചു

നടപടി:-തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

**4.40 കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് മെമ്പർ സെക്രട്ടറിയുടെ 08.06.2018-ലെ 3407/A8/2017/KSBB നമ്പർ കത്തും കോഓർഡിനേഷൻ കമ്മിറ്റിയുടെ 23.05.2018-ലെ തീരുമാനവും (ഖണ്ഡിക 3.15) (LSGD - DA1/518/2018 - LSGD)**

തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ രൂപീകരിച്ചിട്ടുള്ള ജൈവ വൈവിധ്യ പരിപാലന സമിതികളുടെ (BMC) പ്രവർത്തനം വിപുലപ്പെടുത്തുന്നത് സംബന്ധിച്ച് 23.05.2018-ലെ കോഓർഡിനേഷൻ കമ്മിറ്റിയിൽ KSBB ചെയർമാൻ അവതരണം നടത്തിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ KSBB മെമ്പർ സെക്രട്ടറി നൽകിയ കുറിപ്പിന്മേൽ KSBB യുമായി വിശദമായി ചർച്ച ചെയ്ത് അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിലേയ്ക്ക് കരട് റിപ്പോർട്ട് നൽകാൻ എസ്.ആർ.ജി.യെ ചുമതലപ്പെടുത്തി.

നടപടി:-1)തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്
2)സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്

**4.41 കോഴിക്കോട് ജില്ലാ പഞ്ചായത്ത്**

**കോഴിക്കോട് ജില്ലാ കളക്ടറുടെ 08.08.2018-ലെ 58704/2018/DPC/DPO/KKD നമ്പർ കത്തും കോഴിക്കോട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 07.08.2018-ലെ P-7-765/18-ാം നമ്പർ കത്തും. (SRG/630/18)**

ജില്ലാ പഞ്ചായത്ത് 2018-19 വാർഷിക പദ്ധതിയിൽ താമരശ്ശേരി ചുരത്തിൽ സോളാർലൈറ്റ്, സൈൻബോർഡുകൾ സ്ഥാപിക്കാനായി പ്രോജക്ട് ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിന് ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. പ്രോനം. 382/19, അടങ്കൽ 13.00 ലക്ഷം രൂപ) താമരശ്ശേരിചുരം റോഡ് പി.ഡബ്ല്യൂ.ഡി. ദേശീയപാതാ വിഭാഗത്തിന്റെ ഉടമസ്ഥതയിലുള്ളതിനാൽ പ്രോജക്ട് നടപ്പാക്കാൻ പ്രത്യേക അനുമതി സംബന്ധിച്ച്.

**തീരുമാനം :-** സ്ഥലം ദേശീയപാതയുടെ ഭാഗമായതിനാൽ ഇപ്പോൾ പരിഗണിക്കേണ്ടതില്ല.

നടപടി:-തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്

## 4.42 തൂണേരി ഗ്രാമപഞ്ചായത്ത്

**കോഴിക്കോട് ജില്ലാ കളക്ടറുടെ 03.08.2018-ലെ 58704/2018/DPC/KKD/CC നമ്പർ കത്തും തൂണേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 26.07.2018-ലെ A2-5187/17-ാം നമ്പർ കത്തും. (SRG/629/18)**

പഞ്ചായത്ത് 2017-18 ൽ കക്കൂസ് അറ്റകുറ്റപ്പണിക്ക് പ്രോജക്ട് ഏറ്റെടുത്തിരുന്നു (പ്രോ.നം. 80/18 - അടങ്കൽ 4,00,000/- രൂപ) ആകെ ഗുണഭോക്താക്കൾ 50 പേരാണ് 29 പേർക്ക് 2017-18-ൽ ധനസഹായം നൽകി. 8000/- രൂപ വീതം ശേഷിക്കുന്ന 21 പേർക്ക് ധനസഹായം നൽകാൻ 2018-19 വർഷം സ്പിൽഓവറായി പ്രോജക്ട് ഉൾപ്പെടുത്തി. മാർഗ്ഗരേഖയിൽ ഈ സ്കീം ഉൾപ്പെടുത്തിയിട്ടില്ല എന്ന കാരണത്താൽ പുതിയ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ പ്രോജക്ട് നടപ്പാക്കാൻ തയ്യാറാകുന്നില്ല. പ്രത്യേക അനുമതി സംബന്ധിച്ച്.

**തീരുമാനം :-** (i) കക്കൂസ് അറ്റകുറ്റപ്പണി മാർഗ്ഗരേഖയിൽ ഉൾപ്പെട്ടുത്താത്തിനാൽ സർക്കാർ അനുമതി യില്ലാതെ 2017-18 പ്രോജക്ട് നടപ്പാക്കിയത് ക്രമവരുദ്ധമാണെന്ന് യോഗം വിലയിരുത്തി.

(ii) ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ഇത് പരിശോധിച്ച് റിപ്പോർട്ട് നൽകണം. റിപ്പോർട്ടിന്റെ **അടിസ്ഥാനത്തിൽ ശേഷിക്കുന്ന 21 പേർക്ക്** ധനസഹായം നൽകുന്ന കാര്യം പരിഗണിക്കും.

നടപടി:-തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ

## 4.43 നിലമ്പൂർ നഗരസഭ

**നിലമ്പൂർ നഗരസഭാ സെക്രട്ടറിയുടെ 08.08.2018-ലെ PW-111770/18-ാം നമ്പർ കത്തും നഗരസഭാ കൗൺസിലിന്റെ 31.07.2018-ലെ 21-ാം നമ്പർ ഭരണ സമിതി തീരുമാനവും**

രാമംകുത്ത് റെയിൽവേ യൂസ് സബ് വെ നിർമ്മിക്കുന്നതിന് 2,22,06,352/ രൂപ ആവശ്യമാണ്. ഒന്നാംഘട്ടമായി 1.22 കോടി രൂപയും രണ്ടാം ഘട്ടമായി 1.00 കോടി രൂപയും ആവശ്യമാണ്. ഇതിൽ നഗരസഭയുടെ വിഹിതമായി 25.00 ലക്ഷം രൂപ റെയിൽവേയ്ക്ക് ഡെപ്പോസിറ്റ് ചെയ്യുന്നതിന് അനുമതി നൽകണമെന്നും ഇതിനായി കോഡ് അനുവദിക്കണമെന്നതും സംബന്ധിച്ച്

**തീരുമാനം :-** അനുമതി നൽകുന്നു. തുക റെയിൽവേയ്ക്ക് ഡെപ്പോസിറ്റ് ചെയ്യാനായി ധന വകുപ്പിന്റെ അനുമതി നേടേണ്ട താണ്. പുതിയ കോഡ് ആവശ്യമാണെങ്കിൽ അനുവദിക്കാൻ എസ്.ആർ.ജി.യെ ചുമതലപ്പെടുത്തുന്നു

നടപടി:-തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്
സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്

(യോഗം വൈകിട്ട് 4.30-ന് അവസാനിച്ചു)

**യോഗത്തിൽ പങ്കെടുത്തവർ**

1 ശ്രീ. റ്റി.കെ. ജോസ്, പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
2 മെമ്പർ സെക്രട്ടറി,സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് (പ്രതിനിധി)
3 സെക്രട്ടറി, പ്ലാനിംഗ് ആന്റ് എക്കണോമിക് അഫയേഴ്സ് (പ്രതിനിധി)
4 ശ്രീ എം.പി. അജിത് കുമാർ, പഞ്ചായത്ത് വകുപ്പ്
5 ശ്രീ. സജികുമാർ. പി.ആർ, ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
6 ശ്രീമതി. ആർ.ഗിരിജ, ഡയറക്ടർ, നഗരകാര്യ വകുപ്പ്
7 ശ്രീമതി. മിനിമോൾ എബ്രഹാം, സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ
8 എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം (പ്രതിനിധി)
9 ശ്രീ. എസ്. ഹരികിഷോർ, എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
10 ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ് (പ്രതിനിധി)
11 ഡയറക്ടർ, എസ്.റ്റി. ഡെവലപ്മെന്റ് (പ്രതിനിധി)
12 ഡയറക്ടർ, എസ്.സി. ഡെവലപ്മെന്റ് (പ്രതിനിധി)
13 മിഷൻ ഡയറക്ടർ, എം.ജി.എൻ.ആർ.ഇ.ജി.എ (പ്രതിനിധി)
14 സി.ഇ.ഒ, ലൈഫ് മിഷൻ (പ്രതിനിധി)